കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുതുകുളം ബ്ലോക്ക് പഞ്ചായത്ത്

2017-2018

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-117/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ – 688011
ഫോൺ : 0477 2252753
ഇ-മെയിൽ : ddhglfalpy@gmail.com
തീയതി. 08.02.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

.

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുതുകുളം ബ്ലോക്ക് പഞ്ചായത്ത്

.

സർ,

വിഷയം : മുതുകുളം ബ്ലോക്ക് പഞ്ചായത്ത് 2017 -18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-1, 3-2, 3-4, 3-5, 3-6 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസി. ഡെവലപ്മെന്റ് കമ്മീഷണർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-117/19 തീയതി: 08.02.2019

# ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 16.11.2017 മുതൽ 30.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സാബു ജോസഫ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 11.12.2018 മുതൽ<br>19.12.2018 വരെ | ശ്രീ. ബി. ലിജിലാൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി. സുഷ. റ്റി. പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. രാജി. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| അഡ്വ. വിബിൻ. സി. ബാബു | 01.04.2017 മുതൽ 31.03.2018 വരെ |

2) സെക്രട്ടറി

| | |
|---|---|
| ശ്രീ. രാജീവ്. വി. ആർ | 01.04.2017 മുതൽ 07.07.2017വരെ |
| ശ്രീ. രമണൻ. ആർ (ജോയിന്റ് ബി.ഡി.ഒ -ചാർജ് ) | 08.07.2017 മുതൽ 21.01.2018വരെ |
| ശ്രീ. രതീഷ്. ആർ. ദാസ് | 22.01.2018 മുതൽ 31.03.2018വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. എൻ. സോമലത | 01.04.2017 മുതൽ 31.03.2018വരെ |
| 2 | വികസനകാര്യം | ശ്രീ. അജയൻ അമ്മാസ് | 01.04.2017 മുതൽ 31.03.2018വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി. അംബുജാക്ഷി ടീച്ചർ | 01.04.2017 മുതൽ 31.03.2018വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി. ടി. ശ്രീകുമാരി | 01.04.2017 മുതൽ 31.03.2018വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| ഉദ്യോഗ പേര് | ഉദ്യോഗസ്ഥരുടെ പേര് | കാലയളവ് |
|---|---|---|
| എ.ഡി.എ | ശ്രീ. പി. കെ. അനിൽ കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| എസ്.സി.ഡി.ഒ | ശ്രീ. കെ. പ്രസാദ് | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീമതി. ജലജ. എ (ചാർജ്) | 01.06.2017 മുതൽ 11.07.2017 വരെ |
| | ശ്രീമതി. മിനി. ആർ | 12.07.2017 മുതൽ 31.03.2018 വരെ |
| സി.ഡി.പി.ഒ | ശ്രീമതി. എ. സെലിൻ സ്റ്റെല്ലാ മേരി | 01.04.2017 മുതൽ 30.06.2017വരെ |
| | ഡോ. ശില്പാ. യു. ജെ | 01.07.2017 മുതൽ 12.12.2017(FN) വരെ |
| | ശ്രീമതി. ഗ്രേസി. ജെ | 12.12.2017(AN) മുതൽ 30.06.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. സുലേഖ രവി. ആർ | 01.04.2017 മുതൽ 05.08.2017 വരെ |
| | ഡോ. സ്മിത. എൻ. എസ് | 06.08.2017 മുതൽ 04.10.2017വരെ |
| | ഡോ. ആശിഷ്. ബി | 05.10.2017മുതൽ 31.03.2018വരെ |
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. ഷൈനി. എൻ | 01.04.2017 മുതൽ 20.09.2017(FN) വരെ |
| | ശ്രീ. മുരളീ മോഹനൻ. ഇ. കെ | 20.9.2017(AN) മുതൽ 13.10.2017(FN)വരെ |
| | ശ്രീ. സോമരാജൻ | 13.10.2017(AN) മുതൽ 08.11.2017(FN)വരെ |

| | | |
|---|---|---|
| | | |
| | ശ്രീമതി. സുജിതാ രവി | 08.11.2017 (AN) മുതൽ 31.03.2018വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. അഞ്ജു. ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വി. ആർ. അശ്വതി | 01.04.2017 മുതൽ 31.03.2018വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-9 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | പ്രിന്റർ തകരാറ് - സാംഖ്യാരസീതുകൾ എഴുതി നൽകി. |
| ഭാഗം – 3 | | |
| 3 | 3-1 | വ്യവസായികാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഇ-വേസ്റ്റ് MRFCയ്ക്കായി ചെലവഴിച്ച 61.87 ലക്ഷം പാഴാകുന്നു |
| 4 | 3-2 | പൊതു സ്ഥലങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് - പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ പാളിച്ചകൾ |
| 5 | 3-3 | ഒരേ കാലയളവിൽ സ്ഥാപിച്ച വാട്ടർ കിയോസ്കുകൾക്കായി വെവ്വേറെ ക്വട്ടേഷൻ - 30,051/- രൂപയുടെ അധികച്ചെലവ് |
| 6 | 3-4 | പട്ടികജാതി/പട്ടിക വർഗ്ഗ കോളനികളിൽ RO പ്ലാന്റ് സ്ഥാപിക്കൽ - 21.25 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപമായി തുടരുന്നു. |
| 7 | 3-5 | ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി നടത്തിപ്പിൽ പശ്ചാത്തല മേഖല അവഗണിക്കപ്പെട്ടു. |
| 8 | 3-6 | അരകോടിയിലധികം രൂപ ചെലവഴിച്ച് വാങ്ങിയ സ്കാനിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയില്ല. |
| 9 | 3-7 | തനത്ഫണ്ടിൽ നിന്നുള്ള ചെലവുകൾ സാധൂകരിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല -തുക നിരാകരിക്കുന്നു. |
| 10 | 3-8 | കശുമാവ് കൃഷി വികസനം - മുൻകൂർ തുക നൽകിയിട്ടും തൈകളുടെ വിതരണം പൂർത്തിയായില്ല- ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. |
| 11 | 3-9 | ഐ.എ.വൈ/പി.എം.ഐ.വൈ അക്കൗണ്ടിൽ കോടികളുടെ നീക്കിയിരിപ്പ് |

| | | |
|---|---|---|
| 12 | 3-10 | ഐ.എ.വൈ /പി.എം.എ.വൈ പദ്ധതികൾ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല |
| 13 | 3-11 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് ആനുകൂല്യം നല്കി |
| 14 | 3-12 | ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതിക്കായി തുക ചെലവഴിച്ചു. |
| 15 | 3-13 | വിനിയോഗിക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ ശേഷിക്കുന്ന തുക തിരിയടച്ചില്ല |
| 16 | 3-14 | ഓഫീസ് നവീകരണം - ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. |
| 17 | 3-15 | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല -ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. |
| 18 | 3-16 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി - തുക വിനിയോഗിച്ചില്ല. |
| 19 | 3-17 | വാഹന പരിപാലനം കാര്യക്ഷമമല്ല. |
| 20 | 3-18 | നൽകിയ മുഴുവൻ തുകക്കുമുള്ള മരുന്ന് ലഭിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. |
| ഭാഗം – 4 | | |
| 21 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 22 | അനുബന്ധം - I | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 23 | അനുബന്ധം - II | 23.10.2017, 09.02.2018 തീയതികളിലെ കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങളുടെ പേരു വിവരം |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-2018 വർഷത്തെ ബജറ്റ് 30.03.2017 തീയതിയിലെ I-1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 791407858 | 787594680 |
| വാർഷിക കണക്ക് പ്രകാരം | 118307596 | 128801586 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.05.2018 | 08.06.2018 | ഇല്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 15.12.2018 | കെ.എസ്.എ-എ.എൽ.പി-ബി.പി-117/19, 05.01.2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 47608294 |
| വരവ് | 118307596 |
| ആകെ | 165915890 |
| ചെലവ് | 128801586 |
| നീക്കിയിരിപ്പ് | 37114304 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 36745000 | 36745000 | 36109665 | 635335 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12849000 | 12849000 | 12849000 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 243000 | 243000 | 243000 | 0 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 4680000 | 4680000 | 4097696 | 582304 |
| ട്രഷറി റ്റി.എസ്.ബി.(ജോയിന്റ് വെൻച്വർ) | 0 | 3258561 | 3258561 | 3098739 | 159822 |
| ട്രഷറി റ്റി.എസ്.ബി.(ജനറൽ പർപ്പസ്) | 4039806 | 4444851 | 8484657 | 5521546 | 2962611 |
| സാക്ഷരത | 168409 | 68964 | 237373 | 0 | 237373 |
| ഐ.എ.വൈ അഡ്മിൻ | 22100 | 145820 | 167920 | 163069 | 4851 |
| ഐ.എ.വൈ പ്ലാൻ | 39782926 | 58795349 | 98578275 | 68671263 | 29907012 |
| ഐ.എ.വൈ (കേന്ദ്ര വിഹിതം) | 0 | 23160 | 23160 | 0 | 23160 |
| പൈക്ക | 3119 | 160 | 3279 | 0 | 3279 |

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സൈൻ | 5036 | 191 | 5227 | 0 | 5227 |
| എം.കെ.എസ്.പി | 0 | 48000 | 48000 | 47905 | 95 |
| ടി.എസ്.സി | 2026495 | 192239 | 2218734 | 129843 | 2088891 |
| ഇ.എം.എസ് | 565066 | 0 | 565066 | 0 | 565066 |
| എൻ.ആർ.ഇ.ജി.എസ് | 34121 | 998605 | 1032726 | 1004752.5 | 27973.5 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 50 | 54517000 | 48 | 53299361 | 0 | 2 | 96 |

## 1-7 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ജനറൽ മിനിട്സ് കൃത്യമായി പരിപാലിക്കുന്നില്ല. 30.03.2017 ന ശേഷമുള്ള മിനിട്സ് രേഖാമൂലം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ 19.11.2015 മുതൽ 30.03.2017 വരെയുള്ള മിനിട്സിന്റെ പല പേജുകളിലും തീരുമാനങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്കായി ഇട്ടിരിക്കുന്നതായും, തീരുമാനങ്ങളൊന്നും പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ലായെന്നും ഓഡിറ്റ് വേളയിൽ ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത അപാകതകൾ പരിഹരിച്ചു നൽകിയത്.
2. പഞ്ചായത്തിൽ ലഭിക്കുന്ന വരവുകൾക്ക് സാംഖ്യ സംവിധാനത്തിൽ നൽകുന്ന രസീതുകളിൽ പ്രിന്റർ തകരാറെന്ന പേരിൽ തുകകൾ എഴുതി നൽകുന്നു. പ്രിന്റർ തകരാർ പരിഹരിക്കുന്നതിനോ, അതു വരേക്കും മാന്വൽ രസീത് നൽകുന്നതിനോ നടപടി സ്വീകരിക്കാതെയാണ് മുകളിൽ പറഞ്ഞ തെറ്റായ രീതി അവലംബിക്കുന്നത്.
3. ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഇ.എം.എസ്. ലോൺ രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല.
4. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.
5. ബജറ്റിൽ അധികരിച്ച് ചെലവുകൾ നടത്തുന്നുവെങ്കിലും ഇതുപ്രകാരം പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതായി രേഖയില്ല.
6. വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി ലക്ഷങ്ങൾ നിർവ്വഹണ ഏജൻസികൾക്കും മുൻകൂറായി പിൻവലിച്ചു നൽകുന്നുവെങ്കിലും, പദ്ധതികൾ യഥാസമയം പൂർത്തീകരിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തപ്പെടുന്നില്ല. അനേകം പദ്ധതികൾ പൂർത്തീകരിക്കാതെ/ നിർവ്വഹണം ആരംഭിക്കാതെ അവശേഷിക്കുന്നുവെങ്കിലും ആയതിന്റെ വിവരം അക്കൗണ്ട്സിൽ പ്രതിഫലിക്കുന്നില്ല.
7. പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ ഫലപ്രദമായ നിർവ്വഹണ സംബന്ധമായി മോണിട്ടറിംഗ് നടന്നതായി രേഖയില്ല.
8. പദ്ധതി നിർവ്വഹണ സംബന്ധമായ ഫയലുകൾക്കൊപ്പമുള്ള ഓഫീസ് നോട്ടുകളിൽ തുക പിൻവലിക്കൽ ഉൾപ്പെടെ

പഞ്ചായത്ത് എടുക്കുന്ന സുപ്രധാനമായ തീരുമാനങ്ങളിന്മേൽ സെക്ഷനുകളിൽ നിന്നും അഭിപ്രായം രേഖപ്പെടുത്തുകയോ, ആയത് ഇടത്തട്ടിലുള്ള ഉദ്യോഗസ്ഥരും, സെക്രട്ടറിയും കണ്ട് പ്രസിഡന്റിന്റെ അനുമതിക്കായി നൽകുകയോ ചെയ്തതായി രേഖയില്ല. ഇത് ഫയലുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധമായുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്.

അപാകതകൾ പരിഹരിക്കുന്നതിനായി വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.11.2018 / 22.11.2018 | 2018-19 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.07.2015 / 10.07.2015 | 2012-13/2014-15 | 25.08.2015 |

## 1-9 വാർഷിക കണക്കിലെ അപാകതകൾ.

വാർഷിക കണക്കുകൾ പരിശോധിച്ച് വിശദാംശം ചുവടെ ചേർക്കുന്നു .

a) <u>രസീത് & പേയ്മെന്റ് അക്കൗണ്ട്</u>

സ്ഥാപനത്തിന്റെ 2017-18 വർഷത്തെ വരവു ചെലവു കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു .

| | |
|---|---|
| മുന്നിരിപ്പ് | 47608294 |
| വരവ് | 118307596 |
| ആകെ | 165915890 |
| ചെലവ് | 128801586 |
| നീക്കിയിരിപ്പ് | 37114304 |

നീക്കിയിരിപ്പ് തുക പാസ്സ് ബുക്ക്/സ്ക്രോൾ എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട് .

*രസീത് & പേയ്മെന്റ് അക്കൗണ്ട് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.*

1. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP -7ൽ Development Fund - General ലെ ചെലവ് 34621021/- രൂപയാണ് . എന്നാൽ എ.സി.ആർ പ്രകാരമുള്ള യഥാർത്ഥ ചെലവ് 36109665/- രൂപയും.
2. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP - 43 Sundry Debtors (Receivables) -ൽ 81500/- രൂപ വരവുണ്ട് . എന്നാൽ വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി ഇത് പൊരുത്തപ്പെടുന്നില്ല.
3. എം.പി, എം.എൽ.എ ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല

b) ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻ വർഷത്തെ ആദായത്തിന്റെയും ചെലവിന്റെയും സംക്ഷിപ്തം താഴെപ്പറയുന്നു .

| | |
|---|---|
| ആദായം | 63412998 |
| (-) ചെലവ് | 57733395 |
| സർപ്ലസ് | 5679603 |

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ പ്രത്യേക പരാമർശം അർഹിക്കുന്ന ന്യൂനതകൾ കണ്ടെത്തിയിട്ടില്ല

c) ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2018 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു .

| | |
|---|---|
| ആകെ ആസ്തി | 70029882 |
| (-) റിസർവ്വും ഇയർമാർക്ക് ഫണ്ടും ഉൾപ്പടെ ആകെ ബാദ്ധ്യത | 66775306 |
| പഞ്ചായത്ത് ഫണ്ട് | 3254576 |

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരം സെക്യേർഡ് ലോൺ ഇനത്തിൽ 4,815,112/- രൂപയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം 221390/- രൂപയും നീക്കിയിരിപ്പുണ്ട്. എന്നാൽ ലോൺ രജിസ്റ്ററിന്റെയും ഡെപ്പോസിറ്റ് രജിസ്റ്ററിന്റെയും അഭാവത്തിൽ തുകയുടെ കൃത്യത ഉറപ്പിക്കുവാൻ സാധിക്കുന്നില്ല .
2. ആസ്തി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത വിലയിരുത്തുവാൻ സാധിച്ചിട്ടില്ല
3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം കോർപ്പറേഷൻ ബാങ്കിലെ തനതു ഫണ്ട് അക്കൗണ്ടിൽ 1,156,917/- രൂപയും ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ 2,962,611/- രൂപയും നീക്കിയിരിപ്പുണ്ട്. തനതു ഫണ്ടിൽ മറ്റു തുകകൾ നിക്ഷേപിച്ചിട്ടുള്ള പക്ഷം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .
4. പൂർത്തീകരണ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ലാത്ത വ്യാവസായിക അടിസ്ഥാനത്തിൽ പ്ലാസ്റ്റിക്ക്-ഇ വേസ്റ്റ് സംസ്കരണം (3558640/-), പട്ടിക ജാതി കോളനിയിൽ ആർ.ഒ പ്ലാന്റ് (1400000/-), അരിവണ്ണൂർകുടി കോളനിയിൽ ആർ.ഒ പ്ലാന്റ് (225000/-), പൊതു സ്ഥലങ്ങളിൽ എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റ് (3672644/-), ഉള്ളിട്ട പുഞ്ചയിൽ ലൈൻ എക്സ്റ്റൻഷൻ (1359400/-), കശുമാവിൻ തൈ വിതരണം (500000/-) 2016-17 ലെ വ്യാവസായിക അടിസ്ഥാനത്തിൽ പ്ലാസ്റ്റിക്ക്-ഇ വേസ്റ്റ് സംസ്കരണം (1950000/-), അരിവണ്ണൂർകുടി കോളനിയിൽ ആർ.ഒ. പ്ലാന്റ് (500000/-) എന്നിവ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ്-നീക്കിയിരിപ്പുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പ്രിന്റർ തകരാറ് - സാംഖ്യാരസീതുകൾ എഴുതി നൽകി.

2018 ഏപ്രിൽ മുതൽ ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗിച്ച സാംഖ്യ രസീതുകളിൽ തുക ഉൾപ്പെടെയുള്ള വിവരങ്ങൾ എഴുതി ചേർത്തിരിക്കുകയാണ്. പ്രിന്റർ തകരാറാണ് അപാകതക്ക് കാരണമായി അറിയിച്ചത്. സ്ഥാപനത്തിൽ രസീത് പ്രകാരമുള്ള വരവ് വളരെ തുച്ഛമാണ്. ആയതിനാൽ പ്രിന്റർ തകരാറുണ്ടായപ്പോൾ മാനവൽ രസീത് ഉപയോഗിച്ച് വരവ് രേഖപ്പെടുത്തി ആയത് ഇന്ററപ്റ്റഡ് രസീതുകളായി സാംഖ്യയിൽ ഉൾപ്പെടുത്താമായിരുന്നു. അതിന് പകരം സാംഖ്യാ രസീതുകളിൽ മാനവൽ ആയി വിവരം രേഖപ്പെടുത്തിയ നടപടി ക്രമപ്രകാരമല്ല. പ്രിന്റർ തകരാറ് പരിഹരിക്കാൻ സാധിച്ചില്ല എങ്കിൽ മാനവൽ രസീതുകൾ ഉപയോഗിച്ച് വരവ് രേഖപ്പെടുത്തേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വ്യവസായികാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഇ-വേസ്റ്റ് MRFCയ്ക്കായി ചെലവഴിച്ച 61.87 ലക്ഷം പാഴാകുന്നു

വ്യവസായികാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഇ-വേസ്റ്റ് MRFC സ്ഥാപിക്കുന്നതിനായി 2016-17, 2017-18 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് വിനിയോഗിച്ച 61.87 ലക്ഷം രൂപ, പദ്ധതി പ്രാവർത്തികമാകാത്തതുമൂലം പാഴ്ചെലവായി മാറുന്നു. ഇതിലേക്ക് 2016-17 വർഷം തയ്യാറാക്കിയ 32.5 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 22,06,000/- രൂപയും, 2017-18 വർഷം അംഗീകാരം വാങ്ങിയ പദ്ധതിയിൽ ഉൾപ്പെടുത്തി 35,58,640/- രൂപയും സെക്രട്ടറി ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമെ MRFC സ്ഥാപിക്കുന്നതിനായി നിശ്ചയിച്ചിരുന്ന ബ്ലോക്ക് പഞ്ചായത്ത് വ്യവസായ കോംപ്ലക്സിന്റെ അറ്റകുറ്റപ്പണികൾക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ മുഖേന നടപ്പാക്കിയ പദ്ധതിയുടെ ഭാഗമായി 4,22,607/- രൂപയും 2017-18ൽ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. MRFC സ്ഥാപിക്കുന്നതിനായി 2016-17 വർഷം 32.5 ലക്ഷം രൂപ അടങ്കലിൽ പദ്ധതിയ്ക്ക് അംഗീകാരം വാങ്ങുകയും, 22,06,000/-രൂപ ചെലവഴിക്കുകയും ചെയ്തിരിക്കെ ആയതു പരിഗണിക്കാതെയാണ് 2017-18 വർഷം ഇതിലേക്ക് 35,58,640/-രൂപ അടങ്കലിൽ പുതിയ പദ്ധതി തയ്യാറാക്കുകയും, അത്രയും തുക വിനിയോഗിക്കുകയും ചെയതത്.

2. നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച IRTC യുടെ സെക്രട്ടറി ബ്ലോക്ക് പഞ്ചായത്തുമായി 30.05.17ൽ വച്ച പുതിയ എഗ്രിമെന്റിൽ MRFC സ്ഥാപനത്തിനായുള്ള പദ്ധതി അടങ്കൽ 52,06,000/-രൂപയായി ഭരണസമിതി വർദ്ധിപ്പിച്ചുവെന്നും (06.05.2017ലെ തീരുമാനം) ആയതിന് 19.05.17ൽ ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചതായും പറയുന്നുണ്ട്. എന്നാൽ പുതുക്കിയ അടങ്കലിന് ഡി.പി.സി. അനുമതി ലഭിച്ചതിന്റെ രേഖ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. കൂടാതെ പദ്ധതി അടങ്കൽ വർദ്ധിപ്പിച്ചുവെങ്കിലും ഇതുസംബന്ധമായി പുതുക്കിയ എസ്റ്റിമേറ്റ് IRTC ലഭ്യമാക്കിയിട്ടില്ല.

3. പദ്ധതി അടങ്കൽ 52,06,000/-രൂപയായി വർദ്ധിപ്പിച്ചതായി പറയുന്നുവെങ്കിലും 2016-17 വർഷം ഉൾപ്പെടെ ഈ പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചത് 57,62,840/-രൂപയാണ്. കെട്ടിട അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ച 4,22,607/-രൂപയ്ക്കു പുറമേയാണ് ഈ ചെലവ്. മെഷിനറികൾ സ്ഥാപിക്കുന്നതിനുവേണ്ടി അടിയന്തിരമായി ട്രാൻസ്ഫോമറും, ത്രീഫേസ് ലൈനും സ്ഥാപിക്കുന്നതിനാണ് അനുമതിക്ക് അതീതമായി തുക ചെലവഴിച്ചതെന്നാണ് സെക്രട്ടറി മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

4. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വ്യവസായ കോംപ്ലക്സിൽ MRFC സ്ഥാപിക്കുന്നതിനായി പദ്ധതി തയ്യാറാക്കി കെട്ടിട അറ്റകുറ്റപ്പണികൾക്കായി 4,22,607/-രൂപ വിനിയോഗിച്ചുവെങ്കിലും സമീപവാസികളുടെ എതിർപ്പിനെ തുടർന്ന് പദ്ധതി കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2-ാം വാർഡിലേക്ക് മാറ്റിയെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. എന്നാൽ ഇതിലേക്ക് പുതുതായി കണ്ടെത്തിയ സ്ഥലവും കെട്ടിടവും ഏതെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ ഈ പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിന് ആവശ്യമായ സ്ഥലസൗകര്യവും കെട്ടിട സൗകര്യവും അവിടെ ലഭ്യമാണെന്നതിന് രേഖയില്ല. പദ്ധതി സ്ഥലം ബ്ലോക്കു പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടും ഇല്ല.

5. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കരാറിൽ ഏർപ്പെട്ടശേഷം IRTC സ്വമേധയാ നടത്തിയ പഠനത്തിൽ ഡൽഹി ഉൾപ്പെടെയുള്ള വൻ നഗരങ്ങളിൽ ശേഷി കൂടിയ MRFC സ്ഥാപിച്ചിട്ടുണ്ടെന്നും, ആയത് സ്ഥാപിക്കുന്നതാണ് അഭികാമ്യമെന്ന് അവർ അറിയിച്ചിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടിയാണ് വർദ്ധിതശേഷിയുള്ള MRFC സ്ഥാപിക്കുന്നതിലേക്ക് ബ്ലോക്കു പഞ്ചായത്ത് കമ്മിറ്റി പദ്ധതി അടങ്കൽ 52,06,000/-രൂപയായി വർദ്ധിപ്പിച്ചത്. എന്നാൽ ഡൽഹി പോലുള്ള മെട്രോ നഗരങ്ങൾക്ക് ആവശ്യമായ ഉയർന്നശേഷിയുള്ള പ്ലാന്റ് ഗ്രാമപ്രദേശത്ത് ആവശ്യമുണ്ടോ എന്നതിൻമേലും, ഇത് ഫലപ്രദമായി എങ്ങനെ നടപ്പാക്കും എന്നതിൻമേലും യാതൊരു സാധ്യതാപഠനവും നടത്താതെയാണ് വർദ്ധിത ശേഷിയുള്ള പ്ലാന്റ് വാങ്ങാൻ തീരുമാനിച്ചത്.

6. 46,19,700/-രൂപ IRTCക്ക് വിവിധ തീയതികളിലായി പിൻവലിച്ച നൽകിയെങ്കിലും ആയതിന്റെ കൈപ്പറ്റ് രസീത് ഒഴികെ (07.02.18-ൽ നൽകിയ 5 ലക്ഷം രൂപയ്ക്ക് താൽക്കാലിക രസീതു മാത്രം) പദ്ധതി നിർവ്വഹണ സംബന്ധമായി മറ്റു രേഖകളൊന്നും പ്രസ്തുത ഏജൻസി ലഭ്യമാക്കിയിട്ടില്ല. IRTC ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്ന ഉപകരണങ്ങൾ ഏതെല്ലാമെന്നോ, അവയുടെ സ്പെസിഫിക്കേഷൻ ഏതെന്നോ, അവയുടെ

എസ്റ്റിമേറ്റോ കൂടാതെയാണ് ഇത്രയും തുക മുൻകൂറായി പിൻവലിച്ച് നൽകിയത്. ഇതുമൂലം നിശ്ചിത സ്പെസിഫിക്കേഷനോടുകൂടിയ ഉപകരണങ്ങളാണ് നിർവ്വഹണ ഏജൻസി ലഭ്യമാക്കിയതെന്ന് പരിശോധിക്കുവാൻ പഞ്ചായത്ത് അധികാരികൾക്കോ സാങ്കേതിക വിദഗ്ധർക്കോ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു.

7. പദ്ധതിയുടെ ഭാഗമായി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾക്കുമായി ഇലക്ട്രിസിറ്റി ബോർഡിന്റെ കായംകുളം ഡിവിഷനിലെ അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 8,88,940/-രൂപ മുൻകൂറായി പിൻവലിച്ചു നൽകിയെങ്കിലും പ്രവൃത്തി നടന്നുവെന്നതിന് രേഖയൊന്നുമില്ല. വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

8. ഈ പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് ബ്ലോക്കുപഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം അനിവാര്യമാണെന്നിരിക്കെ ആയത് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

9. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2-ാം വാർഡിലെ അറവുശാല പരിസരത്ത് ഒരു ഷെഡ് നിർമ്മിച്ച് മെഷീനുകൾ കൊണ്ടുവെച്ചുവെങ്കിലും പൊതുജനങ്ങളുടെ എതിർപ്പിനെ തുടർന്ന് ഓഡിറ്റ് സമയംവരെ (12/18) MRFC പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടില്ല. ബ്ലോക്കുപഞ്ചായത്തിന്റെ അഭ്യർത്ഥനയെ തുടർന്ന് അറവുശാല പരിസരത്ത് MRFC സ്ഥാപിക്കുവാൻ ടി സ്ഥലം താൽക്കാലികമായി വിട്ടുനൽകുവാനുള്ള അനുമതിക്കായി സർക്കാരിനെ സമീപിക്കുവാൻ കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതി 20.06.18-ൽ തീരുമാനമെടുത്തിരുന്നു (തീരുമാനം 2(1)). എന്നാൽ ഇപ്രകാരം അനുമതി ലഭിക്കുന്നതിനുമുന്നേ പഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെ ഷെഡ് നിർമ്മാണ പ്രവൃത്തികൾ നടത്തി മെഷീൻ സ്ഥാപിച്ചത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഇതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 22.06.18-ൽ ബ്ലോക്ക് പഞ്ചായത്തിന് കത്തു നൽകിയിട്ടുണ്ട് (നം. K3-130/18).

ഇതിൽ നിന്നും പഞ്ചായത്തിന്റെ സമ്മതമില്ലാതെയും, സ്ഥലം കൈമാറി ലഭിക്കാതെയുമാണ് നിർമ്മാണ പ്രവൃത്തികൾ ബ്ലോക്ക്പഞ്ചായത്ത് നടത്തിയതെന്ന് വ്യക്തമാകുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/14.12.18) തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുവാൻ സെക്രട്ടറിക്ക് കഴിഞ്ഞില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മുകളിൽ പ്രതിപാദിച്ച അപാകതകൾ മൂലം MRFCയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച 61,87,247/-രൂപയും ഫലത്തിൽ പാഴാകുന്ന അവസ്ഥയിലാണ്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ബ്ലോക്ക് പഞ്ചായത്ത് അധികൃതർക്ക് ഉണ്ടായ പിഴവാണ് പദ്ധതിയുടെ ഈ അവസ്ഥയ്ക്ക് കാരണമെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ പദ്ധതി പ്രാവർത്തികമാക്കുന്നതിനും, ഫലപ്രദമായിട്ടുള്ള തുടർപ്രവർത്തനത്തിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതി നടത്തിപ്പിൽ ചൂണ്ടിക്കാട്ടിയ അപാകതകളാൽ 2017-18 വർഷം ഇതിലേക്കായി വിനിയോഗിച്ച 39,81,247/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവിന്റെ വിശദാംശം

| ബിൽ നം. | തുക | |
|---|---|---|
| 20/11.10.17 | 1000000 | (IRTC യ്ക്ക് നൽകിയത്) |
| 30/19.01.18 | 800000 | |
| 38/21.02.18 | 500000 | |
| 54/26.03.18 | 369700 | |
| 32/19.01.18 | 888940 | (ഇലക്ട്രിസിറ്റി ബോർഡിന് നൽകിയത്) |

| | | |
|---|---|---|
| 02/24.08.17 | 422607 | (വ്യവസായ കോംപ്ലക്സിന്റെ അറ്റകുറ്റപ്പണി) |
| | 3981247 | |

## 3-2 പൊതു സ്ഥലങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് - പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ പാളിച്ചകൾ

പൊതു സ്ഥലങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയുടെ നിർവ്വഹണത്തിനായി (പ്രോജക്ട് നം. 45/18) 36,72,644/- രൂപ മുൻകൂറായി പിൻവലിച്ച് നിർവ്വഹണ ഏജൻസിയായ IRTCയ്ക്ക് നൽകിയെങ്കിലും പദ്ധതി ആസൂത്രണത്തിലേയും, നിർവ്വഹണത്തിലേയും ഗുരുതരമായ പാളിച്ചകൾമൂലം ചെലവഴിച്ച തുകയുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കാതിരിക്കുന്നതിനും, സൃഷ്ടിക്കപ്പെട്ട ആസ്തികൾ സ്വകാര്യ സ്വത്തായി മാറുന്നതിനും ഇടയാക്കി.

ഈ പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന 5 സ്ഥലങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തു കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് 36.73 ലക്ഷം രൂപ മുൻകൂറായി പിൻവലിച്ച് നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച IRTCയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയത്.

| യൂണിറ്റ് സ്ഥാപിക്കാൻ തീരുമാനിച്ച സ്ഥലം | തീരുമാനം നമ്പർ/ തീയതി | എസ്റ്റിമേറ്റ് | മുൻകൂറായി നൽകിയ തുക | ബിൽ നം./ തീയതി |
|---|---|---|---|---|
| ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ കാവിൽപ്പടിക്കൽ ദേവിക്ഷേത്രം | 23.10.17ലെ 11(3) തീരുമാനം | 2206545@ 735515 | 2184000 | 23/18.11.17 |
| സെന്റ് തോമസ്, കാർത്തികപ്പള്ളി | 23.10.17ലെ 11(3) തീരുമാനം | 2206545@ 735515 | | 23/18.11.17 |
| കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ കുറക്കാവ് ക്ഷേത്രപരിസരം (കാപ്പിൽ കുറ്റിപ്പുറം ചന്തയ്ക്ക സമീപം) | 23.10.17ലെ 11(3) തീരുമാനം | 2206545@ 735515 | | 23/18.11.17 |
| വെട്ടിക്കുളങ്ങര ക്ഷേത്രപരിസരം | 09.02.18ലെ 11(4) തീരുമാനം | 1488644@ 744322 | 744322 | 44/21.03.18 |
| ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ആഞ്ഞിലിമൂട് മാർക്കറ്റ് പരിസരം | 09.02.18ലെ 11(4) തീരുമാനം | 1488644@ 744322 | 744322 | 44/21.03.18 |
| ആകെ | | | 3672644 | |

*<u>പദ്ധതി ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും ശ്രദ്ധേയമായ അപാകതകൾ ചുവടെ ചേർക്കുന്നു.</u>*

1. മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണെന്നിരിക്കെ ഈ പദ്ധതിയുടെ വിജയത്തിന് അവരുടെ സഹകരണം അവശ്യഘടകമാണ്. എന്നാൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഭാഗഭാഗാക്കുകയോ, സംയുക്ത പദ്ധതിയായി നടപ്പാക്കുകയോ ചെയ്തില്ല.
2. യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നിശ്ചയിക്കപ്പെട്ട സ്ഥലങ്ങൾ ഒന്നും ബ്ലോക്കു പഞ്ചായത്തിന്റെ

അധീനതയിലുള്ളവയോ, പദ്ധതി നടത്തിപ്പിനായി വിട്ടുകിട്ടിയവയോ ആയിരുന്നില്ല. ക്രമ നം. 5-ൽ പ്രതിപാദിച്ചതൊഴികെയുള്ള സ്ഥലങ്ങൾ സ്വകാര്യ ദേവാലയങ്ങളുടെ അധീനതയിലുള്ളവ ആയിരുന്നു.

3. ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിച്ച സ്ഥലങ്ങളിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളുടേയോ സ്ഥലം ഉടമസ്ഥരുടേയോ സമ്മതപത്രം ലഭിച്ചിട്ടില്ല. സ്ഥലം കൈമാറി കിട്ടുകയോ, പദ്ധതിയുടെ തുടർ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്ഥലം ഉടമസ്ഥരുമായി കരാർ ചമയ്ക്കുകയോ ചെയ്യാതെയാണ് പദ്ധതിപ്പണം മുൻകൂറായി നിർവ്വഹണ ഏജൻസിക്കു പിൻവലിച്ചു നൽകിയത്.

4. ആദ്യ മൂന്ന് യൂണിറ്റുകൾക്കായി 13.12.17ലും, മറ്റ് രണ്ട് യൂണിറ്റുകൾക്കായി 12.03.18ലും IRTC-യുമായി വച്ച എഗ്രിമെന്റിന്റെ 3-ാം വ്യവസ്ഥ പ്രകാരം എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം ബ്ലോക്ക് പഞ്ചായത്ത് മാർക്കു ചെയ്തു തരുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി സ്ഥലങ്ങളൊന്നും ബ്ലോക്ക് പഞ്ചായത്ത് മാർക്ക് ചെയ്ത് നൽകിയില്ലെന്നാണ് സെക്രട്ടറി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

5. യൂണിറ്റുകൾ സ്ഥാപിക്കാൻ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ ഇതിന്റെ ആവശ്യകത നിർണ്ണയിച്ചതായി രേഖയില്ല.

6. പദ്ധതികൾ ആരംഭിക്കുന്നതിനു മുൻപേതന്നെ നിർവ്വഹണ ഏജൻസിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട മുഴുവൻ തുകയും മുൻകൂറായി പിൻവലിച്ചു നൽകിയെങ്കിലും തുകയുടെ കൈപ്പറ്റ് രസീത് ഒഴികെ പദ്ധതി നിർവ്വഹണ സംബന്ധമായി എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരമുള്ള യാതൊരു രേഖകളും നിർവ്വഹണ ഏജൻസി ഹാജരാക്കിയിട്ടില്ല.

7. പദ്ധതി പ്രവർത്തനത്തിനാവശ്യമായ വെള്ളം, വൈദ്യുതി സൗകര്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഒരുക്കുന്നതാണെന്നാണ് ധാരണാപത്രത്തിലെ വ്യവസ്ഥയെങ്കിലും, ഇത് പാലിക്കപ്പെട്ടില്ല.

8. മാലിന്യം തരംതിരിച്ച് യൂണിറ്റുകളിൽ എത്തിക്കുന്നതിന് ആവശ്യമായ ഏതെങ്കിലും നടപടി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചതായി രേഖയില്ല.

9. മുൻകൂർ കൈപ്പറ്റിയ തീയതി മുതൽ പരമാവധി 4 മാസത്തെ സമയമാണ് പദ്ധതി പൂർത്തീകരിക്കുന്നതിനായി ധാരണാ പത്രത്തിൽ അനുവദിച്ചിരുന്നത്. എന്നാൽ ഓഡിറ്റ് സമയം വരെ (12/18) ക്രമനം. 1, 4, 5 ൽ പ്രതിപാദിച്ച സ്ഥലങ്ങളിൽ മാത്രമാണ് യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. പൂർത്തീകരിച്ച യൂണിറ്റുകൾ എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ പ്രകാരമാണ് സ്ഥാപിക്കപ്പെട്ടതെന്നതിൻമേൽ സാങ്കേതിക വിദഗ്ധരെക്കൊണ്ട് പരിശോധിച്ച് ഉറപ്പാക്കിയിട്ടുമില്ല.

10. വെട്ടിക്കുളങ്ങര ദേവീക്ഷേത്ര പരിസരത്തും, കാവിൽപ്പടീക്കൽ ദേവീക്ഷേത്ര പരിസരത്തും സ്ഥാപിക്കപ്പെട്ട യൂണിറ്റുകൾ പ്രവർത്തന സജ്ജമെങ്കിലും പദ്ധതിസ്ഥലം കൈമാറി കിട്ടാത്തതിനാലും, ഇതു സംബന്ധമായി സ്ഥലം ഉടമകളുമായി ധാരണാപത്രം ചമച്ചിട്ടില്ലാത്തതിനാലും പൊതുജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കാത്ത അവസ്ഥയ്ക്കു കാരണമായി. ഈ പദ്ധതിയുമായി ഗ്രാമപഞ്ചായത്തുകൾക്ക് പങ്കാളിത്തമില്ലാത്തതിനാലും യൂണിറ്റുകൾ കൈമാറി കിട്ടാത്തതിനാലും പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തന സംബന്ധമായി പഞ്ചായത്തിന് യാതൊരു അറിവും ഇല്ലെന്നാണ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ രേഖാമൂലം ഓഡിറ്റിൽ അറിയിച്ചിട്ടുള്ളത്. ക്ഷേത്ര കോമ്പൗണ്ടിനുള്ളിൽ സ്ഥാപിക്കപ്പെട്ട യൂണിറ്റുകളിലേക്ക് പുറമേ നിന്നുള്ള മാലിന്യങ്ങൾ എത്തിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ നിർമ്മിക്കപ്പെട്ട യൂണിറ്റുകളുടെ പ്രയോജനം പൊതുജനത്തിന് ലഭിക്കാതെപോയി. പദ്ധതി ആസൂത്രണത്തിലുണ്ടായ പിഴവാണ് ഈ അവസ്ഥയ്ക്കു കാരണമായത്. ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ആഞ്ഞിലിമൂട് മാർക്കറ്റ് പരിസരത്ത് യൂണിറ്റ് സ്ഥാപിക്കപ്പെട്ടുവെങ്കിലും ഇത് ഗ്രാമപഞ്ചായത്തിന് കൈമാറാത്തതുമൂലം നാളിതുവരെ പ്രവർത്തിപ്പിച്ചില്ലെന്ന് ദേവികുളങ്ങര ഗ്രാമപഞ്ചായത്തു സെക്രട്ടറി രേഖാമൂലം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/13.12.18) തൃപ്തികരമായ മറുപടി ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിക്ക് കഴിഞ്ഞില്ല.

പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലുമുണ്ടായ പാളിച്ചകൾ 36.73 ലക്ഷം രൂപ ചെലവഴിച്ച ഈ പദ്ധതിയുടെ പ്രയോജനം നാളിതുവരെ പൊതുജനത്തിന് ലഭിക്കാതിരിക്കാൻ ഇടയാക്കിയെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. പൊതു പണം വിനിയോഗിച്ച് നിർമ്മിച്ച രണ്ട് യൂണിറ്റുകൾ സ്വകാര്യ ആസ്തിയായി മാറിയ സാഹചര്യത്തിൽ ഇതിലേക്കായുള്ള 1479837/-രൂപയുടെ ചെലവ് (735515+744322) ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും, ടി സ്ഥലങ്ങളിൽ യൂണിറ്റ് സ്ഥാപിക്കുവാൻ തീരുമാനമെടുത്ത പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കി തിരിച്ചടക്കേണ്ടതാണ്. ശേഷിച്ച 3 യൂണിറ്റുകളിൽ

ഒന്ന് പ്രവർത്തനക്ഷമമായിട്ടില്ലാത്തതിനാലും രണ്ടെണ്ണം നാളിതുവരെ സ്ഥാപിച്ചിട്ടില്ലാത്തതിനാലും ശേഷിച്ച ചെലവുതുകയായ 21,92,807/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്ഥാപിക്കാത്ത യൂണിറ്റുകൾക്കായി നിർവ്വഹണ ഏജൻസിയുടെ പക്കൽ മിച്ചം നിൽക്കുന്ന 1448485/-രൂപ (218400-735515) തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 ഒരേ കാലയളവിൽ സ്ഥാപിച്ച വാട്ടർ കിയോസ്കുകൾക്കായി വെവ്വേറെ ക്വട്ടേഷൻ - 30,051/- രൂപയുടെ അധികച്ചെലവ്

സെക്രട്ടറി 2017-18 വർഷം നടപ്പാക്കിയ രണ്ടു പദ്ധതികളിൽ ഉൾപ്പെടുത്തി ഒരേ സ്പെസിഫിക്കേഷനോടു കൂടിയ വാട്ടർ കിയോസ്കുകൾക്കായി വെവ്വേറെ ക്വട്ടേഷൻ ക്ഷണിക്കുകയും, വ്യത്യസ്ത നിരക്കിൽ വാങ്ങൽ നടത്തുകയും ചെയ്യുകവഴി 30,051/- രൂപയുടെ അധിക ചെലവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ മംഗലം സ്കൂളിനു സമീപം പ്യൂരിഫൈഡ് ഡ്രിങ്കിങ്ങ് വാട്ടർ കിയോസ്ക് - RO + UV

(പ്രോജക്ട് നം. 62/18)

വികസന ഫണ്ടിനത്തിൽ (ജനറൽ) 764500/- രൂപ വകയിരുത്തി തയ്യാറാക്കിയ ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി 23.11.2017 ൽ ഇ-ടെണ്ടർ ക്ഷണിക്കുകയും ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ "Flowmax Water; Aluva" എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 15.12.2017 ൽ കൂടിയ പഞ്ചായത്തു കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിരുന്നു. [തീരുമാനം 1(1)]. അവർ 1873/ 09.01.2018 നമ്പരായി ലഭ്യമാക്കിയ ഇൻവോയ്സിന്റെയും, 10.01.2018 ൽ ചമച്ച എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിൽ 7,64,500/- രൂപ ടി സ്ഥാപനത്തിന് പിൻവലിച്ചു നൽകിയിട്ടുണ്ട് (ബിൽ നം. 39/21.02.2018)

2) പട്ടികജാതി കോളനികളിൽ പ്യൂരിഫൈഡ് ഡ്രിങ്കിങ്ങ് വാട്ടർ കിയോസ്ക് - RO + UV (പ്രോജക്ട് നം. 61/18)

ചേപ്പാട്, പത്തിയൂർ, മുതുകുളം ഗ്രാമപഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽപ്പെട്ട 5 പട്ടികജാതികോളിനികളിൽ വാട്ടർ കിയോസ്ക് സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ 36,72,245/- രൂപ അടങ്കലുള്ള ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി 23.12.2017 ൽ ഇ-ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ Flowmax water, Aluva" എന്ന സ്ഥാപനത്തിന്റെ 36,72,245/- രൂപയുടെ ടെണ്ടർ (@ 734449/-) 09.02.2018 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ([തീരുമാനം 2(1)] 12.02.2018 ൽ നിർവ്വഹണ ചുമതല അവരെ ഏൽപ്പിക്കുകയും ചെയ്തു. തുടർന്ന് 36,72,245/- രൂപ പദ്ധതി നിർവ്വഹണത്തിനായി ടി സ്ഥാപനത്തിന് പിൻവലിച്ചു നൽകിയിട്ടുണ്ട് (ബിൽ നം. 45/21.03.2018)

2017-18 ൽ തയ്യാറാക്കിയ ഈ രണ്ടു പദ്ധതികളുടെയും നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി ആയിരുന്നു. രണ്ടു പദ്ധതികളിൽ ഉൾപ്പെടുത്തി വാങ്ങി സ്ഥാപിച്ചത് ഒരേ സ്പെസിഫിക്കേഷനോടു കൂടിയ ഉപകരണങ്ങളാണ്. സമാന കാലയളവിൽ ടെണ്ടർ ക്ഷണിച്ച ഈ പദ്ധതികളുടെ നിർവ്വഹണ ചുമതല വഹിച്ചത് ഒരേ കമ്പനിയുമാണ്. വാങ്ങേണ്ടിയിരുന്ന വാട്ടർ കിയോസ്കുകൾ ഒരേ സ്പെസിഫിക്കേഷനാണെന്നിരിക്കെ രണ്ടു പ്രോജക്ടെന്ന കാരണത്താൽ പ്രത്യേകം ടെണ്ടർ ക്ഷണിച്ച് വാങ്ങൽ നടത്തുക വഴി ടെണ്ടർ നടപടികൾക്ക് അധിക ചെലവായ തുകയ്ക്ക് പുറമെ കിയോസ്കിന്റെ വിലയിനത്തിൽ ആദ്യ പദ്ധതിയ്ക്കായി 30,051/- രൂപ അധികം ചെലവഴിക്കേണ്ടതായും വന്നു. ഒരേ കാലയളവിൽ നടപ്പാക്കിയ രണ്ടു പദ്ധതിയിലും ഉൾപ്പെടുത്തി വാങ്ങിയ ഉപകരണങ്ങൾ ഒരേ സ്പെസിഫിക്കേഷനോടു കൂടിയവയാണെന്നിരിക്കെ അവയ്ക്കായി പ്രത്യേകം ടെണ്ടർ നടപടി സ്വീകരിച്ച് വാങ്ങൽ നടത്തിയ നടപടി പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഈ അപാകതയിന്മേലും, പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമായതിന്മേൽ മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ലാത്തിന്മേലും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് "ഇനിയുള്ള ടെണ്ടറിൽ ഒരേ സ്പെസിഫിക്കേഷനുള്ളത് ഒന്നിച്ച് മാത്രം ടെണ്ടർ ചെയ്യുവാൻ നടപടി സ്വീകരിക്കാമെന്നും, പദ്ധതി സ്ഥാപിച്ചിട്ടുള്ള ബ്ലോക്ക് ഡിവിഷനിലെ മെമ്പർമാരുടെ പൂർത്തീകരണ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും" മറുപടി ലഭ്യമാക്കി.

മേൽ കാരണത്താൽ ആദ്യ പദ്ധതിയ്ക്കായി ക്രമപ്രകാരമല്ലാതെ അധികം ചെലവഴിച്ച 30051/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം/ മോണിട്ടറിംഗ് റിപ്പോർട്ടിന്റെ അഭാവത്തിൽ ശേഷിച്ച 44,06,694/- രൂപയുടെ പദ്ധതി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(അധിക ചെലവിന് ഉത്തരവാദി : സെക്രട്ടറി)

## 3-4 പട്ടികജാതി/പട്ടിക വർഗ്ഗ കോളനികളിൽ RO പ്ലാന്റ് സ്ഥാപിക്കൽ - 21.25 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപമായി തുടരുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ RO പ്ലാന്റ് സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ രണ്ടു പദ്ധതികളിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പ്രകാരമുള്ള 21.25 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ വാട്ടർ അതോറിറ്റിയ്ക്ക് മുൻകൂറായി പിൻവലിച്ച് നൽകിയെങ്കിലും, പദ്ധതികളുടെ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും, പ്രവൃത്തി ആരംഭിക്കാതെ പദ്ധതി തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപമായി തുടരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പട്ടിക ജാതി കോളിനിയിൽ ആർ. ഒ. പ്ലാന്റ് (പ്രോജക്ട് നം. 22/18)

ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ വാർഡ് 13 ലെ പൂവണ്ണാൻ ലക്ഷം വീട് കോളനിയിലും, കണ്ടല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 6-ാം വാർഡിലെ ഈരേഴ ലക്ഷം വീട് കോളനിയിലും ആർ. ഒ. പ്ലാന്റ് സ്ഥാപിക്കുന്നതിനായി എസ്. സി. പി. ഫണ്ടിനത്തിൽ 14 ലക്ഷം രൂപ വകയിരുത്തി തയ്യാറാക്കിയതായിരുന്നു ഈ പദ്ധതി. ഇതിലേയ്ക്ക് വാട്ടർ അതോറിറ്റി ലഭ്യമാക്കിയ 14 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വകയിരുത്തിയ തുക പിൻവലിച്ച് വാട്ടർ അതോറിറ്റിയുടെ ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ നൽകിയിട്ടുണ്ട്. (ബിൽ നം. 24/18.11.2017) 06.02.2018 ൽ എഗ്രിമെന്റ് വച്ച ഈ പ്രവൃത്തിയുടെ (നം. 333/17) പൂർത്തീകരണ കാലാവധി 6 മാസമായിരുന്നുവെങ്കിലും പ്രവൃത്തികൾ ഓഡിറ്റ് സമയം വരെ പ്രാവർത്തികമായിട്ടില്ല.

2. പത്തിയൂർ ഗ്രാമപഞ്ചായത്തിലെ അരിവണ്ണൂർകുറ്റി കോളനിയിൽ ആർ. ഒ. പ്ലാന്റ് (പ്രോജക്ട് നം. 28/18)

അരിവണ്ണൂർകുറ്റി പട്ടികവർഗ്ഗ കോളനിയിൽ ആർ. ഒ. പ്ലാന്റ് സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയിൽ ഉൾപ്പെടുത്തി (54/17) 2016-17 വർഷം 5 ലക്ഷം രൂപ വാട്ടർ അതോറിറ്റിയ്ക്ക് മുൻകൂറായി നൽകിയതിനെ തുടർന്ന് 23.03.2017 ൽ അവർ എഗ്രിമെന്റ് ചമച്ചിരുന്നു. എഗ്രിമെന്റ് പ്രകാരം '6' മാസമായിരുന്നു നിർവ്വഹണ കാലയളവ്. എസ്റ്റിമേറ്റിൽ ശേഷിച്ച 2.25 ലക്ഷം രൂപ റ്റി.എസ്.പി ഫണ്ടിനത്തിൽ വകയിരുത്തി ആയത് 2017-18 വർഷം പിൻവലിച്ച് നൽകുകയും ചെയ്തു. (ബിൽ നം. 12/17.08.2017) വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും മുൻകൂറായി നൽകിയിട്ടും നാളിതുവരെ ഈ പ്രവൃത്തിയും പ്രാവർത്തികമായിട്ടില്ല.

പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും പദ്ധതി നടപ്പിലാക്കാതിരിക്കുന്നതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഈ പ്രവൃത്തികൾക്കുവേണ്ടി വാട്ടർ അതോറിറ്റി നാളിതുവരെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ലെന്ന് സെക്രട്ടറി മറുപടി നൽകി. എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും നിർവ്വഹണ ഏജൻസിയ്ക്ക് മുൻകൂറായി നൽകിയ ഈ പ്രവർത്തികളുടെ നിർവ്വഹണ നടപടികൾ പൂർത്തീകരണ കാലവധിക്ക് ശേഷവും ആരംഭിക്കാത്തത് കരാർ ലംഘനമാകയാൽ ഈ വിഷയത്തിൽ ആവശ്യമായ സത്വര തുടർനടപടി സ്വീകരിക്കുവാൻ ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നു. പദ്ധതി പ്രാവർത്തികമാകാത്തതിനാൽ 2017-18 വർഷം ഈയിനത്തിൽ പിൻവലിച്ച 16.25 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി നടത്തിപ്പിൽ പശ്ചാത്തല മേഖല അവഗണിക്കപ്പെട്ടു.

ബ്ലോക്ക് പഞ്ചായത്ത് 2017-18 വർഷം നടപ്പാക്കിയ പദ്ധതികളിൽ പശ്ചാത്തല മേഖല പാടെ അവഗണിക്കപ്പെട്ടതായി രേഖ. 13-ാം പഞ്ചവൽസര മാർഗ്ഗരേഖ പ്രകാരം വികസന ഫണ്ടിന്റെ പരമാവധി 25 ശതമാനവും എസ്. സി. പി. ഫണ്ടിന്റെ 30 ശതമാനവും പശ്ചാത്തല മേഖലക്കായി വകയിരുത്താവുന്നതാണ്. 6,21,54,214/- രൂപ അടങ്കൽ നിശ്ചയിച്ച് വിവിധ പദ്ധതികൾക്കായി 5,32,99,361/- രൂപ ബ്ലോക്ക് പഞ്ചായത്ത് തൻവർഷം ചെലവഴിച്ചുവെങ്കിലും പശ്ചാത്തല മേഖലയിലെ ആകെ ചെലവ് 21,55,524/- രൂപ മാത്രമാണ്. (ആകെ ചെലവിന്റെ 4% മാത്രം) മുൻവർഷം നടപ്പാക്കിയ പദ്ധതികൾക്കായി റോഡിതര ഫണ്ടിൽ നിന്നും 1852524/- രൂപയും, എസ്. സി. പി. ഫണ്ടിൽ നിന്നും 3,03,000/- രൂപയും ഉൾപ്പെടെയാണ് മേൽപ്പറഞ്ഞ ചെലവു വന്നിട്ടുള്ളത്. വികസന ഫണ്ട് (ജനറൽ) ഇനത്തിൽ തൻവർഷം പശ്ചാത്തല മേഖലക്കായി തുകയൊന്നും വകയിരുത്തിയതുമില്ല.

2017-18 വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 29,82,756/- രൂപ അടങ്കലിൽ 7 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരുന്നതെങ്കിലും 5 പദ്ധതികൾക്കായി 18,55,831/- രൂപയാണ് ടിയാൾ ചെലവഴിച്ചിട്ടുള്ളത്. നടപ്പാക്കിയ 5 പദ്ധതികളിൽ രണ്ടെണ്ണം 2015-16 ലും, മൂന്ന് പദ്ധതികൾ 2016-17 ലും എഗ്രിമെന്റ് വയ്ക്കപ്പെട്ടവയാണ്. കൂടാതെ ഇതിൽ 3 പ്രവൃത്തികൾ 2016-17 ൽ തന്നെ പൂർത്തീകരിക്കപ്പെട്ടവയുമാണ്. ശേഷിച്ച പ്രവൃത്തികളിൽ ഒന്ന് 17.04.2017 ലും, രണ്ടാമത്തേത് 31.05.2017 ലും പൂർത്തീകരിച്ചതായാണ് രേഖ. ഇതിൽ നിന്നും

മുൻവർഷം നടപ്പാക്കിയ പദ്ധതികൾക്ക് തുക നൽകുക മാത്രമാണ് ഫലത്തിൽ തൻവർഷം നടന്നിട്ടുള്ളതെന്ന് വ്യക്തമാകുന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പുറമെ അസിസ്റ്റന്റ് എഞ്ചിനീയറും ബ്ലോക്കിലെ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിലും ടിയാളും പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. മേൽപ്പറഞ്ഞ രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർക്കു പുറമെ രണ്ട് ഓവർസിയർമാരും, നോൺ ടെക്ക്നിക്കൽ സ്റ്റാഫും ഉൾപ്പെടുന്നതാണ് ബ്ലോക്ക് പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. വിങ്. എന്നിരുന്നിട്ടും 2017-18 വർഷം ഒരു പദ്ധതി പോലും ഏറ്റെടുത്ത് നടപ്പാക്കാതിരുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/13.12.2018) പശ്ചാത്തല മേഖലയ്ക്ക് തുക ലഭിക്കാതിരുന്നതു മൂലമാണ് പദ്ധതികൾ നടപ്പാക്കാതിരുന്നതെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി. മതിയായ ഫണ്ടും, അനുബന്ധ സൗകര്യങ്ങളും ലഭ്യമായിരുന്നിട്ടും 2017-18 വർഷം പശ്ചാത്തല മേഖലയിൽ പുതുതായി പദ്ധതികളൊന്നും ഏറ്റെടുക്കാതിരുന്നത് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളുടെ ലംഘനവും, അധികൃതരുടെ ഭാഗത്തെ വീഴ്ചയുമായി വിലയിരുത്തുന്നു. ഭാവിയിൽ ആവശ്യമായ തിരുത്തൽ നടപടി സ്വീകരിക്കുന്നതിലേയ്ക്ക് വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 അരകോടിയിലധികം രൂപ ചെലവഴിച്ച് വാങ്ങിയ സ്കാനിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയില്ല.

മുതുകുളം സി.എച്ച്.സി. ക്ക് അൾട്രാസൗണ്ട് റെസല്യൂഷൻ മെഷീൻ സ്ഥാപിക്കൽ (പ്രോജക്ട് നം. 63/18) എന്ന പദ്ധതിയുടെ ഭാഗമായി 52,00,000/- (ബിൽനമ്പർ 01/17-18 തീയതി 19.01.18) രൂപ ചെലവഴിച്ച് കെഎംഎസ് സി എൽ ൽ നിന്നും ഒരു അൾട്രാസൌണ്ട് സ്കാനിംഗ് മെഷീൻ സിഎച്ച്സി യിൽ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

എ) റേഡിയോളജിസ്റ്റ് ഉൾപ്പെടെ യൂണിറ്റിലേക്ക് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടില്ല.

ബി) മെഷീൻ സ്ഥാപിക്കുന്നതിനായുള്ള ഭൗതിക സാഹചര്യങ്ങൾ (ഇലക്ട്രിഫിക്കേഷൻ, എയർ കണ്ടീഷനിംഗ് തുടങ്ങിയവ) സജ്ജമാക്കിയതായി രേഖയില്ല.

സി) അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ സ്ഥാപിക്കുന്നതിലേക്ക് PNDT Act പ്രകാരം രജിസ്ട്രേഷൻ ലഭിച്ചിട്ടില്ല. ഇതിനായി ജില്ലാമെഡിക്കൽ ഓഫീസറുടെ NOC ലഭിച്ചിട്ടുണ്ട്. എന്നാൽ റേഡിയോളജിസ്റ്റിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പകർപ്പ് ഹാജരാക്കിയാൽ മാത്രമേ രജിസ്ട്രേഷൻ ലഭിക്കുകയുള്ളൂ എന്നാണ് പദ്ധതിക്കായി മെഷീൻ വാങ്ങിയ സമയത്ത് ചുമതലയുണ്ടായിരുന്ന മെഡിക്കൽ ഓഫീസർ ഓഡിറ്റ് അന്വേഷണത്തിന് (നം.01/12.12.18) മറുപടി നൽകിയത്.

ഡി) <u>കരാർകാലയളവിനുള്ളിൽ യന്ത്രം സ്ഥാപിച്ചിട്ടില്ല:-</u> ഫയലിൽ സൂക്ഷിച്ച 16.11.17 ലെ കരാർ പ്രകാരം കരാർ വെച്ച് മൂന്ന് മാസത്തിനകം നിർവഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന സ്ഥലത്ത് മെഷീൻ സ്ഥാപിച്ച് നൽകുമെന്നാണ് വ്യവസ്ഥയെങ്കിലും ഓഡിറ്റ് സമയത്തും (12/18 ) യന്ത്രം സ്ഥാപിച്ചിട്ടില്ല.

ഇ) <u>സ്ഥാപനത്തിന് നൽകിയ തുകയും ഇൻവോയിസിലെ തുകയും തമ്മിൽ വ്യത്യാസം:-</u> സ്കാനിംഗ് മെഷീൻ വാങ്ങിയതിനായി 50,43,566/- രൂപയുടെ ചെലവ് രേഖകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ കെഎംഎസ് സിഎൽ ന് നൽകിയത് 52,00,000/- രൂപയാണ്. ചെലവ് തുകയിലെ വ്യത്യാസത്തിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മെഷീൻ സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കുന്നതിനുൾപ്പെടെയുള്ള തുകയാണ് മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയത് എന്നാണ് മറുപടി നൽകിയത്.

എഫ്) <u>മെഷീൻ സ്റ്റോക്കിൽ ചേർത്തിട്ടില്ല.:-</u>

ഇൻസ്ട്രുമെന്റ് രജിസ്റ്ററിൽ ചേർക്കുന്നതിനാവശ്യമായ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാലാണ് സ്റ്റോക്കിൽ എടുക്കാത്തത് എന്നാണ് ഫാർമസിസ്റ്റ് മറുപടി നൽകിയത്.

ജി) <u>മെഷീന്റെ വാറന്റി കാലാവധി കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല:-</u>

ഇൻസ്റ്റാൾ ചെയ്യുന്ന തീയതി മുതൽ മൂന്ന് വർഷം വരെയാണ് വാറന്റി എന്നാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ മെഡിക്കൽ ഓഫീസർ അറിയിച്ചത്.എന്നാൽ ഈ വിവരം കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

എച്ച്) പദ്ധതി നിർവഹണത്തിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയില്ല.

മെഷീൻ സപ്ലൈ ചെയ്ത സ്ഥാപനം ഉപകരണം ഇൻസ്റ്റാൾ ചെയ്യാൻ 04.12.2018 ൽ സിഎച്ച്സി യിൽ എത്തിയെങ്കിലും ആവശ്യമായ ജീവനക്കാരെ നിയമിക്കാത്തതിനാലും അടിസ്ഥാന സൌകര്യം സജ്ജമാക്കാത്തതിനാലും മെഷീൻ

സ്ഥാപിക്കാൻ കഴിഞ്ഞില്ല എന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

സ്കാനിംഗ് മെഷീൻ വാങ്ങുന്നത് പോലെ തന്നെ പ്രധാനമാണ് അത് സ്ഥാപിക്കുന്നതിനുള്ള ഭൌതികസാഹചര്യം ഒരുക്കലും (ഇലക്ട്രിഫിക്കേഷൻ, എയർ കണ്ടീഷനിംഗ് തുടങ്ങിയവ) റേഡിയോളജിസ്റ്റ് ഉൾപ്പെടെ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതും. ലക്ഷങ്ങൾ മുടക്കി യന്ത്രം വാങ്ങിയതിന് ശേഷം അല്ല അടിസ്ഥാന സൌകര്യങ്ങൾ സജ്ജമാക്കേണ്ടത്. സി.എച്ച്.സി-യിൽ റേഡിയോളജിസ്റ്റ് തസ്തിക ഇല്ല എന്നത് നിർവഹണഉദ്യോഗസ്ഥന് അറിവുള്ളതുമാണ്. പദ്ധതി ആസൂത്രണത്തിന്റെ ആദ്യ ഘട്ടത്തിൽ തന്നെ പരിഗണിക്കപ്പെടേണ്ട പ്രധാനപ്പെട്ട രണ്ട് വിഷയങ്ങളിലും നടപടിക്രമങ്ങൾ ആരംഭിച്ചത് തന്നെ മെഷീൻ വാങ്ങി മാസങ്ങൾക്ക് ശേഷമാണ്. (റേഡിയോളജിസ്റ്റിന്റെ നിയമനത്തിനായി ജില്ലാമെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയത് 27.08.18 ലാണ്.) മെഷീൻ സ്ഥാപിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം അതിന്റെ പ്രവർത്തന ക്ഷമതയെ പ്രതികൂലമായി ബാധിച്ചേക്കാം. നിശ്ചിത സമയപരിധിക്കുള്ളിൽ മെഷീൻ സ്ഥാപിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷമുള്ള കഷ്ടനഷ്ടങ്ങൾക്ക് ഒന്നാം കക്ഷിയായ നിർവഹണ ഉദ്യഗസ്ഥൻ ബാധ്യസ്ഥനായിരിക്കും എന്നത് കരാറിൽ പ്രത്യകം വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും ഉണ്ടായ പാളിച്ച കാരണം 29.06.18ൽ മെഷീൻ ലഭിച്ചുവെങ്കിലും ഓഡിറ്റ് കാലയളവിലും (12/2018) അത് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാൻ സാധിച്ചില്ല.

ആരോഗ്യമേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഫലം പരമാവധി വേഗത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കണം. ഇതിനായി നിർവഹണത്തിന്റെ ആദ്യഘട്ടം മുതൽ തന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള ചുമതല പ്രസ്തുത മേഖലയിൽ പരിജ്ഞാനമുള്ള നിർവഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തവുമാണ്. പദ്ധതി നിർവഹണത്തിലെ ചെലവ് ശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു എന്നതിലുപരിയായി മെഷീൻ വാങ്ങൽ കൊണ്ട് ഒരു പ്രയോജനവും പൊതുജനങ്ങൾക്ക് ഉണ്ടായിട്ടില്ല.

ജില്ലാതലത്തിൽ റേഡിയോളജിസ്റ്റിനെ നിയമിക്കാൻ സാധിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നിയമനം നടത്താൻ ജില്ലാ മെഡിക്കൽ ഓഫീസർ അനുവാദം നൽകിയിട്ടുണ്ട് (08.10.18 ലെ എ1-457/18 നം. കത്ത്). സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങി റേഡിയോളജിസ്റ്റിനെ അടിയന്തിരമായി നിയമിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ജീവനക്കാരുടെ നിയമനത്തിനും ഭൌതികസാഹചര്യം ഒരുക്കുന്നതിനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്നതിൽ ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സജീവമായ ഇടപെടൽ ഉണ്ടാകണം. പ്രദേശത്തെ ജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമാകുന്ന പദ്ധതി എത്രയും വേഗം ഫലപ്രാപ്തിയിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു. ലക്ഷ്യം കൈവരിക്കാത്തതിനാൽ പദ്ധതിക്കായി വിനിയോഗിച്ച 52,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 <u>തനത്ഫണ്ടിൽ നിന്നുള്ള ചെലവുകൾ സാധൂകരിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല -തുക നിരാകരിക്കുന്നു.</u>

തനത്ഫണ്ടിൽ നിന്നുള്ള ചുവടെ ചേർക്കുന്ന ചെലവുകൾ സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

എ) "ഇലക്ട്രിക് വർക്കുകളുടെ സാധനം നൽകിയ വകയിൽ ചെലവായ തുക" എന്ന് രേഖപ്പെടുത്തി സ്റ്റൈലൈൻ എന്റർപ്രൈസസ്, കായംകുളം എന്ന സ്ഥാപനത്തിന് തനതു ഫണ്ടിൽ നിന്നും 17908/- (ചെക്ക് നം.3172838/21.07.17) രൂപ നൽകിയിട്ടുണ്ട്.

ഇലക്ട്രിക് വർക്കിനായി ഏതെങ്കിലും പദ്ധതി തൻ വർഷം നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ഏതെങ്കിലും പ്രവൃത്തിയുടെ ഭാഗമായാണ് തുക ചെലവഴിച്ചതെങ്കിൽ പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരനാണ് ആവശ്യമായ സാധനങ്ങൾ വാങ്ങി വർക്ക് പൂർത്തീകരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് നേരിട്ടാണ് ഇലക്ട്രിക് സാധനങ്ങൾ വാങ്ങി നൽകിയതെങ്കിൽ പ്രവൃത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിന്റേയും അംഗീകൃത ഇലക്ട്രീഷൻ മുഖാന്തിരം വർക്ക് ചെയ്തതിന്റെയും രേഖകൾ ഉണ്ടാകണം.

ഐ.എസ്.ഒ - യുടെ ഭാഗമായി കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിന് ജീവനക്കാരുടെ ഇരിപ്പിടങ്ങൾക്ക് സമീപം പ്ലഗ് പോയിന്റ് സ്ഥാപിക്കുന്നതിനാണ് തുക ചെലവഴിച്ചതെന്നാണ് ഓഡിറ്റ് അന്വേഷണ (നം. 13/18.12.18) ത്തിന് മറുപടി നൽകിയത്. മറുപടി സാധൂകരിക്കുന്നതിനാവശ്യമായ ചെലവ് രേഖകൾ യാതൊന്നും ഹാജരാക്കാത്ത സാഹചര്യത്തിൽ വിനിയോഗിച്ച 17908/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി) ചുവടെ ചേർക്കുന്ന പ്രവർത്തികൾക്കായി 77500/- (ചെക്ക് നം.3172212/30.06.17) രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| മെയിൻ ഓഫീസ് പെയിന്റിംഗ്. | 43500/- |
| ഇൻഡസ്ട്രിയൽ കോംപ്ലക്സിലെ ചുറ്റുമതിൽ പുനരുദ്ധാരണം. | 16,000/- |
| ബ്ലോക്ക് പഞ്ചായത്തിലെ കിണർ വൃത്തിയാക്കൽ. | 18,000/- |
| ആകെ | 77500/- |

ടി മൂന്ന് പ്രവർത്തികൾക്കായി അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റും മൂല്യനിർണ്ണയ സർട്ടിഫിക്കറ്റും അസി.എക്സി.എഞ്ചിനീയറുടെ 77500/- രൂപക്കുള്ള കൈപ്പറ്റ് രസീതും മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തി പ്രസ്തുത പ്രവർത്തികൾ നടപ്പാക്കി എന്നത് പരിശോധിക്കുന്നതിനായി ടി വർക്കുകളുടെ അളവ് പുസ്തകം സഹിതം രേഖകൾ ആവശ്യപ്പെട്ടുവെങ്കിലും അവ ഹാജരാക്കിയില്ല.
2. പ്രസ്തുത പ്രവർത്തികൾക്കായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെയോ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ക്വട്ടേഷൻ അംഗീകരിച്ച് ആരെയെങ്കിലും പ്രവർത്തിക്കായി ചുമതലപ്പെടുത്തിയതിന്റെയോ വിവരവും ലഭ്യമല്ല.
3. പ്രവർത്തി നടപ്പാക്കുന്നതിനായി കരാർ ചമച്ചതിന്റെ വിശദാംശങ്ങളും ഹാജരാക്കിയില്ല.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തിരം അല്ല പ്രവർത്തികൾ ചെയ്തത് എന്നും സെക്രട്ടറി നേരിട്ടാണ് പദ്ധതി നടപ്പാക്കിയത് എന്നും ആണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയത്. നിർവഹണ ശേഷം പ്രവർത്തി സംബന്ധിച്ച് അസി എഞ്ചിനീയർ നൽകിയ രേഖകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളതെന്നും അറിയിച്ചു. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കൈപ്പറ്റിയ തുക കോർപ്പറേഷൻ ബാങ്ക് മുഖേന കൺവീനർക്ക് നൽകി (ചെക്ക് നം. 495158/20.07.17) എന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മറുപടി സാധൂകരിക്കുന്നതിനായി പാസ് ബുക്കിന്റെ പകർപ്പും ഹാജരാക്കി.

അപാകതകളിൽ വിവരിച്ചത് പ്രകാരം സെക്രട്ടറി എപ്രകാരമാണ് പ്രസ്തുത പ്രവർത്തി നടപ്പാക്കി എന്നതിന് ആവശ്യമായ യാതൊരു രേഖകളും ഓഡിറ്റിന് നൽകിയില്ല. നിർവഹണ ശേഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ്റ്റിമേറ്റും വാല്യുവേഷനും തയ്യാറാക്കി എന്നതും ക്രമപ്രകാരമുള്ള നടപടികളല്ല. നിർവഹണത്തിന്റെ ഒരു ഘട്ടത്തിലും ചുമതല ഇല്ലാതിരുന്ന അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന തുക കൺവീനർക്ക് നൽകാനുള്ള സാഹചര്യവും വ്യക്തമല്ല.

മേൽ കാരണങ്ങളാൽ പ്രസ്തുത ചെലവ് സംബന്ധിച്ച് പുനരന്വേഷണം നടത്തുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. നിർവഹണം സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 77500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 കശുമാവ് കൃഷി വികസനം - മുൻകൂർ തുക നൽകിയിട്ടും തൈകളുടെ വിതരണം പൂർത്തിയായില്ല- ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള എട്ട് ഗ്രാമ പഞ്ചായത്തുകളിലെ കർഷകർക്ക് പതിനയ്യായിരം എണ്ണം ഗ്രാഫ്റ്റ് ചെയ്ത കശുമാവിൻ തൈകൾ വിതരണം ചെയ്യുന്നതിനായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പദ്ധതിയാണ് കശുമാവ് കൃഷി വികസനം (പ്രോജക്ട് നം.30/18). നിർവഹണത്തിന്റെ ഭാഗമായി 20.10.17, 12.03.18 തീയതികളിലെ പ്രൊഫോർമ (നമ്പർ 15 &45) ഇൻവോയിസ് പ്രകാരം നിർവഹണ ഏജൻസി ആയ കേരള സംസ്ഥാന കശുമാവ് വികസന കോർപ്പറേഷന് 5,00,000/- രൂപ (2,50,000/- ബിൽ നം.4/17-18/12.01.18, 2,50,000/- ബിൽ നം. 10/17-18/ 21.03.18 ) മുൻകൂറായി നൽകിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. പതിനയ്യായിരം തൈകൾക്ക് തുക മുൻകൂർ നൽകി എങ്കിലും ഓഡിറ്റ് സമയം (12/18) വരെ ആകെ മൂവായിരം തൈകളാണ് കശുമാവ് വികസന കോർപ്പറേഷൻ നൽകിയിട്ടുള്ളത്.

2. സർക്കാർ ഉടമസ്ഥതയിലുള്ള സീഡ് ഫാമുകൾ ഉണ്ടായിരിക്കേ പ്രസ്തുത ഫാമുകളിൽ നിന്നും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ പദ്ധതി നിർവഹണത്തിനായി കശുമാവ് വികസന കോർപ്പറേഷന് തുക നൽകി.
3. ബ്ലോക്ക് പഞ്ചായത്തിന് ആവശ്യമായ കശുമാവിൻ തൈകളുടെ എണ്ണം നിശ്ചയിച്ച് യഥാസമയം ആയത് നൽകുവാൻ കോർപ്പറേഷന് സാധിക്കുമോ എന്നത് നിർവഹണത്തിന്റെ ആരംഭത്തിൽ അന്വേഷിച്ചില്ല. വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (08/15.12.18) ഗ്രാഫ്റ്റുകൾ നൽകാൻ തയ്യാറാണ് എന്ന് കോർപ്പറേഷൻ ഫോണിൽ അറിയിച്ചു എന്നാണ് മറുപടി നൽകിയത്. രേഖാമൂലമുള്ള നടപടിക്രമങ്ങളുടെ അഭാവത്തിൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല.
4. തുക മുൻകൂർ നൽകിയിട്ടും ഗ്രാഫ്റ്റുകൾ എപ്പോൾ വിതരണം ചെയ്യാൻ കഴിയും എന്നത് സംബന്ധിച്ച് നിർവഹണ ഏജൻസിയുമായി കരാർ ചമച്ചില്ല.
5. ചിങ്ങോലി, മുതുകുളം, ദേവികുളങ്ങര ഗ്രാമപഞ്ചായത്തുകൾ ആണ് ഗുണഭോക്തൃലിസ്റ്റ് നൽകിയതെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി. ബ്ലോക്ക് പഞ്ചായത്തിലെ എട്ടു പഞ്ചായത്തുകളിലെയും ഗുണഭോക്താക്കൾക്കായി ആവിഷ് കരിച്ച പദ്ധതി മൂന്ന് പഞ്ചായത്തുകൾക്കായി ചുരുങ്ങാനുള്ള കാരണം വ്യക്തമല്ല.
6. പദ്ധതിക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അപേക്ഷകൾ,കരക്കുറി എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വസ്തു സംബന്ധമായ രേഖകൾ പരിശോധിച്ച് ഓരോരുത്തർക്കും നൽകേണ്ട തൈകളുടെ എണ്ണം നിശ്ചയിക്കുന്നത് (പത്ത് സെന്റിന് എഴ് ഗ്രാഫ്റ്റുകൾ) വിതരണം ചെയ്യുന്ന സമയത്താണ് എന്നും അറിയിച്ചു. ആവശ്യമായ രേഖകൾ പരിശോധിച്ച് ഗുണഭോക്താക്കളുടെ എണ്ണം, വിതരണം ചെയ്യാനുള്ള തൈകളുടെ എണ്ണം എന്നിവ നിർവഹണത്തിന്റെ പ്രാഥമിക ഘട്ടത്തിൽ കണക്കാക്കാതെയാണ് കോർപ്പറേഷന് മുൻകൂർ തുക നൽകിയത് എന്നതാണ് മറുപടിയിൽ നിന്നും വ്യക്തമാകുന്നത്.
7. ഗുണഭോക്താക്കളായ കർഷകർക്ക് കുറഞ്ഞത് പത്ത് സെന്റ് സ്ഥലമെങ്കിലും ഉണ്ടായിരിക്കണം എന്ന് പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പത്ത് സെന്റിന് എഴ് ഗ്രാഫ്റ്റുകൾ എന്ന നിലയിലാണ് വിതരണം ഉദ്ദേശിക്കുന്നതെങ്കിൽ വാസഗൃഹം ഉൾപ്പെടെ പത്ത് സെന്റ് സ്ഥലമുള്ളയാൾക്ക് ഈ രീതിയിൽ എങ്ങനെ തൈകൾ വിതരണം ചെയ്യാൻ കഴിയും എന്നത് വിശദീകരിക്കേണ്ടതാണ്.
8. സപ്ലൈ ചെയ്ത മൂവായിരം തൈകൾ ചിങ്ങോലി കൃഷി ഓഫീസർ കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയത്. തൈകൾ സ്റ്റോക്കിൽ ചേർത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശം ഹാജരാക്കിയില്ല.

കാലവർഷം ആരംഭിക്കുന്നതിന് മുൻപായി പദ്ധതി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. പദ്ധതി പ്രകാരമുള്ള ഗ്രാഫ്റ്റുകൾ കശുമാവിന്റെ നടീൽ കാലമായ കാലവർഷത്തിന് വിതരണം ചെയ്യുന്നതിനായിരുന്നു ലക്ഷ്യമിട്ടതെന്നും എന്നാൽ മെയ് മാസം മുതൽ തുടർച്ചയായി ഉണ്ടായ മഴയും അപ്രതീക്ഷിത പ്രളയവും ആണ് വിതരണത്തിന് കാലതാമസം ആയത് എന്നും മറുപടി നൽകി. മഴ മാറിയതിനു ശേഷം സയോണുകൾ ലഭിക്കാതിരുന്നതിനാൽ ലക്ഷ്യമിട്ടിരുന്ന ഗ്രാഫ്റ്റുകളുടെ ഉത്പാദനം സാധ്യമായില്ല എന്നും ഫെബ്രുവരി, 2019 ഓടെ വിതരണം പൂർത്തിയാക്കുമെന്നും അറിയിച്ചു. മറുപടി സാധൂകരിക്കുന്നതിനായി കശുമാവ് വികസന കോർപ്പറേഷന്റെ 04.12.18 ലെ കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

ഗ്രാഫ്റ്റുകളുടെ വിതരണം പൂർത്തിയാകുമ്പോൾ മാത്രമേ കോർപ്പറേഷൻ തൈകളുടെ വില വിവരം ഉൾപ്പെട്ട ഫൈനൽ ബിൽ നൽകുകയുള്ളൂ എന്നത് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ സപ്ലൈ ചെയ്ത മൂവായിരം തൈകൾക്ക് ചെലവായ തുകയുടെ വിവരം ലഭ്യമല്ല. പദ്ധതി നിർവഹണം പൂർത്തിയാക്കി വിതരണ വിവരം സഹിതം മറുപടി നൽകേണ്ടതാണ് . മേൽ വിവരിച്ച അപാകതകൾ കാരണം പദ്ധതിക്കായി ചെലവഴിച്ച 5,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ഐ.എ.വൈ/പി.എം.ഐ.വൈ അക്കൗണ്ടിൽ കോടികളുടെ നീക്കിയിരിപ്പ്

2015 -16 വർഷം ഐ.എ.വൈ പദ്ധതി അവസാനിക്കുകയും പി.എം.ഐ.വൈ പദ്ധതി ആരംഭിക്കുകയും ചെയ്തതിനെ തുടർന്ന് നിലവിലുള്ള ഐ.എ.വൈ അക്കൗണ്ടിൽ (Canara Bank-AC.No.1699101037447) പി.എം.ഐ.വൈ പദ്ധതി വിഹിതം നിക്ഷേപിച്ചു. ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് സംബന്ധിച്ച് എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) ക്ക് നല്കിയ ഓഡിറ്റ് അന്വേഷണം നം. 3/13.12.18 ന് ലഭിച്ച മറുപടി പ്രകാരം 31-03-18 ൽ 29907012/- രൂപയും ഓഡിറ്റ് കാലയളവിൽ (12/2018) 25507859/- രൂപയും നീക്കിയിരിപ്പുണ്ട്. ഇതിൽ ഉൾപ്പെടുന്ന പി.എം.എ.വൈ പദ്ധതിയുടെ

വിഹിതം ചുവടെ ചേർക്കുന്നു

| വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|
| 13134876 | 2774000 | 10360876 |

ഈ തുകയിൽ നിന്നും ലൈഫ് പദ്ധതിയിലേക്ക് പ്രത്യേക അനുമതി പ്രകാരം തുക വകയിരുത്തിയിട്ടില്ല. എന്നാൽ ഐ.എ.വൈ/പി.എം.ഐ.വൈ അക്കൗണ്ടിൽ നിലവിലുള്ള തുകയിൽ നിന്നും ലൈഫ് സ്പിൽ ഓവർ പദ്ധതിയ്ക്ക് 21142921/- രൂപ വകയിരുത്തുകയും ഇതിൽ 21006254/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 136667/- രൂപ 3 വീടുകളുടെ നിർമ്മാണത്തിനായി നല്കേണ്ടതുണ്ട്.

ഐ.എ.വൈ/പി.എം.ഐ.വൈ പദ്ധതിയിൽ ലഭ്യമായ ഗ്രാമ, ജില്ലാ, ബ്ലോക്ക്, സംസ്ഥാന വിഹിതം സംബന്ധിച്ചുള്ള വിവരവും ഓഡിറ്റ് അന്വേഷണ പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും പിന്നീട് സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് ഹൗസിംഗ് ഓഫീസർ നല്കിയിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് പദ്ധതി വിഹിതമായി ലഭിച്ച തുകയും സംസ്ഥാന സർക്കാർ വിഹിതവും ഉൾപ്പെട്ട തുകയാണ് മേൽ കണക്കുകൾ പ്രകാരം അക്കൗണ്ടിൽ അവശേഷിക്കുന്നത് എന്നത് പ്രാധാന്യം അർഹിക്കുന്ന വസ്തുതയാണ്. ആയതിനാൽ ടി അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയിൽ ഗുണഭോക്താക്കൾക്ക് അനുവദിക്കേണ്ടതൊഴികെ ബാക്കി തുക സർക്കാർ അനുമതി വാങ്ങിക്കൊണ്ട് അനുബന്ധ പ്രോജക്ടുകൾക്കായി ചെലവഴിക്കുകയോ അല്ലാത്ത പക്ഷം സർക്കാരിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 3-10 ഐ.എ.വൈ /പി.എം.എ.വൈ പദ്ധതികൾ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന ഐ.എ.വൈ/ പി.എം.എ.വൈ പദ്ധതികൾ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ നിരവധി ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല . ഈ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത എസ്. സി, ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം, ഇവർക്കായി അനുവദിച്ച തുക, ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം.3/13.12.2018 ന് നല്കിയ മറുപടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു .

ഐ.എ.വൈ

| എസ്.സി.വിഭാഗം | | | ജനറൽവിഭാഗം | | |
|---|---|---|---|---|---|
| ഗുണഭോക്താവിന്റെ പേര് | പദ്ധതി വർഷം | അനുവദിച്ച തുക | ഗുണഭോക്താവിന്റെ പേര് | പദ്ധതി വർഷം | അനുവദിച്ച തുക |
| പദ്മിനി | 2013-14 | 30000 | ശോഭന | 2013-14 | 30000 |
| ദയാ നന്ദിനി | 2013-14 | 40000 | ജഗദമ്മ | 2014-15 | 30000 |
| പ്രകാശ് | 2013-14 | 30000 | ശശിധരൻ | 2015-16 | 17500 |
| കനക കുമാരി | 2015-16 | 17500 | റജീന | 2015-16 | 49500 |
| രജനി | 2015-16 | 17500 | മിനി | 2015-16 | 317500 |
| മായാദേവി | 2015-16 | 17500 | | | |

| | | | | | |
|---|---|---|---|---|---|
| ഓമന | 2015-16 | 17500 | | | |
| കുമാരി | 2015-16 | 17500 | | | |
| വിജയകുമാരി | 2011-12 | 360000 | | | |
| സുമി മോൾ | 2014-15 | 362500 | | | |

പി.എം.എ.വൈ

| എസ്.സി.വിഭാഗം | | | ജനറൽവിഭാഗം | | |
|---|---|---|---|---|---|
| ഗുണഭോക്താവിന്റെ പേര് | പദ്ധതി വർഷം | അനുവദിച്ച തുക | ഗുണഭോക്താവിന്റെ പേര് | പദ്ധതി വർഷം | അനുവദിച്ച തുക |
| ശിവദാസൻ | 2016-17 | 48000 | കോയമോൻ | 2016-17 | 128000 |
| വിജയൻ | 2016-17 | 48000 | പ്രസാദ്.കെ.എൻ | 2016-17 | 80000 |
| ബീന ശിവദാസ് | 2017-18 | 108000 | നിധീഷ് | 2016-17 | 48000 |
| യശോധരൻ | 2016-17 | 48000 | ആത്മൻ | 2016-17 | 100000 |
| സന്തോഷ് കുമാർ | 2016-17 | 48000 | ഗിരിജ | 2016-17 | 80000 |
| | | | തോമസ് | 2016-17 | 100000 |
| | | | സുരേന്ദ്രൻ | 2016-17 | 48000 |

സമബന്ധിതമായി ഭനന നിർമ്മാണം പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഗുണഭോക്താക്കൾക്ക് 05.10.18ൽ നോട്ടീസും 05.12.18 ൽ രജിസ്റ്റേർഡ് നോട്ടീസും നല്കിയിരുന്നു. ഇതിനെ തുടർന്ന് മേൽ പട്ടികയിൽ ഉൾപ്പെട്ട ഐ.എ.വൈ ഗുണഭോക്താക്കളായ ശ്രീമതി. മായാദേവി, ശ്രീമതി. റജീന എന്നിവർ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ അടയ്ക്കുകയും ശ്രീമതി. കനക കുമാരി 2019 മാർച്ച് 31ന് അകം തുക തിരികെ അടയ്ക്കാമെന്നുള്ള സമ്മതമറിയിച്ച് അപേക്ഷ നല്കുകയും ചെയ്തിട്ടുണ്ട്. പി.എം.എ.വൈ ഗുണഭോക്താക്കളായ ശ്രീ. ശിവദാസൻ, ശ്രീ. ആത്മൻ, ശ്രീ. തോമസ് എന്നിവർ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സമ്മതം അറിയിച്ചിട്ടുണ്ട് .

ആനുകൂല്യം കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഗുണഭോക്താക്കളെക്കൊണ്ട് അവപൂർത്തീകരിക്കുന്നതിനാവശ്യമായ സത്വരനടപടിസ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അനുവദിച്ച തുക നാളിതു വരെയുള്ള പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ് . ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-11 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് ആനുകൂല്യം നല്കി

പ്രോജക്ട് നം. 31/17-18 പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടിക ജാതി കുട്ടികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്

അടങ്കൽ - 2025000

ചെലവ് - 2025000

ബിൽ നം. - 47/17-18 /08.01.18 -1,40,000

- 49/17-18/25.01.18 - 345000
- 51/17-18/20.02.18 -535000
- 52/17-18/09.03.18-990000
- 53/17-18/09.03.18-15000

എസ്.സി.ഡി.ഒ. നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടിക ജാതി കുട്ടികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് ആനുകൂല്യം നല്കി. ജി.ഒ. (എം.എസ്) 80/2017/തസ്വഭവ/03.04.2017 നമ്പർ സബ്സിഡി മാർഗ്ഗ രേഖ പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ/ വാർഡ് സഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതാണ്.

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 107 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട് . പഞ്ചായത്തുകളിൽ നിന്നും ഈ പദ്ധതിയിലേക്ക് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി നല്കിയിട്ടുണ്ടെങ്കിലും ആനുകൂല്യം ലഭിച്ച ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല .

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/പഞ്ചായത്ത് | ലഭിച്ച തുക |
|---|---|---|
| 1 | ആദിത്യൻ. ഒ, ആറാട്ടുപുഴഗ്രാമ പഞ്ചായത്ത് | 15000 |
| 2 | അഞ്ജലി. ഇ. എസ്, ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത് | 15000 |
| 3 | അഖിൽ വിജയൻ, മുതുകുളം ഗ്രാമ പഞ്ചായത്ത് | 15000 |
| 4 | ആദർശ്. എസ്, മുതുകുളം ഗ്രാമ പഞ്ചായത്ത് | 20000 |
| 5 | കവിത. ഐ, മുതുകുളം ഗ്രാമ പഞ്ചായത്ത് | 15000 |
| 6 | ആദിഷ്. ആർ. നാഥ്, മുതുകുളം ഗ്രാമ പഞ്ചായത്ത് | 20000 |
| 7 | ദീപ, മുതുകുളം ഗ്രാമ പഞ്ചായത്ത് | 15000 |
| 8 | ഗീതു കണ്ണൻ, മുതുകുളം ഗ്രാമ പഞ്ചായത്ത് | 15000 |
| 9 | ആര്യ മോൾ, മുതുകുളം ഗ്രാമ പഞ്ചായത്ത് | 15000 |
| 10 | അനില ആനന്ദ്, മുതുകുളം ഗ്രാമ പഞ്ചായത്ത് | 15000 |
| 11 | ആർച്ച രാജ്, മുതുകുളം ഗ്രാമ പഞ്ചായത്ത് | 15000 |
| 12 | അഖില. ജി, മുതുകുളം ഗ്രാമ പഞ്ചായത്ത് | 15000 |
| | ആകെ | 190000 |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നല്കിയതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. 2/ 13.12.18 മുഖേന എസ്.സി.ഡി.ഒ യിൽ നിന്നും വിവരം ആരാഞ്ഞതിന് ലഭ്യമാക്കിയ മറുപടിയിൽ അതത് പഞ്ചായത്തുകൾക്ക് ഗുണഭോക്താക്കളെ സാധൂകരിച്ച നല്കുന്നതിന് കത്തു നല്കിയിട്ടുള്ളതായി അറിയിച്ചു. ഗുണഭോക്താക്കളെ ഗ്രാമ സഭ സാധൂകരിച്ചതിന്റെ രേഖകളുടെ അഭാവത്തിൽ ആകെ ചെലവു തുകയിൽ 190000/- രൂപ തടസ്സപ്പെടുത്തുന്നു.

ഗുണഭോക്തൃ ലിസ്റ്റിന്റെ സാധൂകരണം സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുവാൻ വിഷയം ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

## 3-12 ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതിക്കായി തുക ചെലവഴിച്ചു.

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ കർഷക സംഘങ്ങൾക്കും കർമ്മസേനകൾക്കും യന്ത്രോപകരണങ്ങൾ വാങ്ങൽ (പ്രോജക്ട് നം. 32/18) എന്ന പദ്ധതിയിലുൾപ്പെടുത്തി രണ്ട് കാർഷിക സഹകരണ സംഘങ്ങൾക്ക് കാർഷിക

യന്ത്രങ്ങൾ വാങ്ങി നൽകിയത്. ജി ഒ (എം.എസ്) നം. 80/2017/തസ്വഭവ/03.04.2017 ഉത്തരവിലെ നിർദ്ദേശപ്രകാരം കാർഷിക യന്ത്രങ്ങൾ സമിതികൾക്ക്/ സംഘങ്ങൾക്ക് വാങ്ങി നൽകുന്നതിനുള്ള സംയുക്ത പ്രോജക്ടിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പങ്കാളികളാകാമെങ്കിലും ഗ്രാമപഞ്ചായത്തുകൾക്കാണ് നിർവഹണ ചുമതല. ബ്ലോക്ക് തലത്തിലുള്ള കർമ്മസമിതികൾക്ക് വേണ്ടി കാർഷിക യന്ത്രങ്ങൾ വാങ്ങി നൽകുന്നതിനാണ് ബ്ലോക്ക് പഞ്ചായത്തിന് പദ്ധതി തയ്യാറാക്കാൻ കഴിയുക. കർമ്മസേനകൾക്കും യന്ത്രോപകരണങ്ങൾ വാങ്ങൽ എന്ന് പദ്ധതിയുടെ പേരിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും പത്തിയൂർ ഫാർമേഴ്സ് സഹകരണ ബാങ്ക് (നം. 1282), കണ്ടല്ലൂർ ഫാർമേഴ്സ് സഹകരണ ബാങ്ക് (നം.1410)] എന്നീ കാർഷിക സഹകരണ സംഘങ്ങൾക്കാണ് യന്ത്രങ്ങൾ വാങ്ങി നൽകിയത്. “ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള അനുമതിയോടെ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും നൽകാം” എന്ന മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമാണ് പദ്ധതി നടപ്പാക്കിയത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. എന്നാൽ 2017-18 ൽ ബാധകമായ പദ്ധതി മാർഗ്ഗരേഖ പ്രകാരം ഫാർമേഴ്സ് സഹകരണ സംഘങ്ങൾക്ക് യന്ത്രങ്ങൾ വാങ്ങാനായി ബ്ലോക്ക് പഞ്ചായത്തിന് പദ്ധതി നിർവഹിക്കാൻ കഴിയുകയില്ല.

പദ്ധതി നിർവ്വഹണത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വാങ്ങിനൽകിയ യന്ത്രോപകരണങ്ങളുടെ പരിപാലനത്തിലും, വാടക നിശ്ചയിക്കുന്നതിലും വരവ്- ചെലവ് കണക്കുകൾ സൂക്ഷിക്കുന്നതിലും മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-13 വിനിയോഗിക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ ശേഷിക്കുന്ന തുക തിരിച്ചടച്ചില്ല

സി.ഡി.പി.ഒ നടപ്പാക്കിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയ്ക്കായി (27/18) ബ്ലോക്കിന്റെ പരിധിയിലെ 8 ഗ്രാമ പഞ്ചായത്തുകൾക്കുമായി 1069316/- രൂപ അനുവദിച്ചിരുന്നു. എന്നാൽ പത്തിയൂർ, ദേവികുളങ്ങര, കൃഷ്ണപുരം എന്നീ പഞ്ചായത്തുകൾക്ക് അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു .

| പഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|
| ദേവികുളങ്ങര | 60000 | 58950 | 1050 |
| പത്തിയൂർ | 150000 | 140800 | 9200 |
| കൃഷ്ണപുരം | 130891 | 119600 | 11291 |
| ആകെ നീക്കിയിരിപ്പ് | | | 21541 |

ചെലവഴിക്കാത്ത തുക തിരികെയടച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 4 /13.12.18ന് മറുപടി ലഭ്യമാക്കിയില്ല. ചെലവഴിക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ ശേഷിക്കുന്ന 21541/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് . ഈ വിഷയം ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

(ബിൽ നം. ICDS/B2/17-18/30.10.17 - 767841

ICDS/B3/17-18/17.11.17 - 67500

ICDS/B4/17-18/17.02.18- 204600

ICDS/B5/17-18/23.02.18- 29375 )

## 3-14 ഓഫീസ് നവീകരണം - ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 55/18

നിർവഹണം - സെക്രട്ടറി.

8,42,372/- (ബിൽ നം.14/17-18 തീയതി 23.08.17)

2016-17 വർഷം നടപ്പാക്കിയ ഓഫീസ് നവീകരണം എന്ന പദ്ധതിയുടെ തുടർച്ചയായാണ് പദ്ധതി നടപ്പാക്കിയത്.പ്രസിഡന്റ്,വൈസ് പ്രസിഡന്റ് ,സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, അംഗങ്ങൾ, എന്നിവരുടെ മുറികളുടെ നവീകരണവും ഫർണ്ണീച്ചർ വാങ്ങലും നടത്തിയതിന് പുറമേ റിക്കാർഡ് റൂം സജ്ജീകരണവും സെർവർ റൂം പാർട്ടീഷനും മുൻവർഷം നടത്തിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിന്റെ ഭാഗമായി തൻവർഷം 8,42,372/- രൂപയുടെ ഫർണ്ണീച്ചറുകൾ സിഡ്കോയിൽ നിന്നും വാങ്ങി. നിർവ്വഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. തൻവർഷം വാങ്ങിയ ഫർണ്ണീച്ചറുകൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല.

2. ഓഫീസ് നവീകരണത്തിന്റെ ഭാഗമായി പുതിയ ഫർണ്ണീച്ചറുകൾ വാങ്ങിയപ്പോൾ പഴയ ഫർണ്ണീച്ചറുകൾ എന്തു ചെയ്തു എന്നത് സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമല്ല. സിഡിപിഒ ഓഫീസിലേക്കും മറ്റും ഫർണ്ണീച്ചറുകൾ നൽകിയിട്ടുണ്ട് എന്ന് അറിയിച്ചുവെങ്കിലും മറുപടി സാധൂകരിക്കുന്നതിനായി ഫർണ്ണീച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ, കൈമാറ്റം ചെയ്തതിന്റെ രേഖകൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയില്ല.

മേൽ അപാകതകൾ കാരണം ചെലവഴിച്ച 8,42,372/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല -ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച ചുവടെ ചേർക്കുന്ന ചെലവുകളുടെ കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല.

| ക്രമ നം. | ഉദ്ദേശ്യം. | തുക. | ചെക്ക് നം, തീയതി. |
|---|---|---|---|
| 1. | പഞ്ചായത്ത് ഗൈഡ് അച്ചടിച്ചതിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് വിഹിതം നൽകിയത്. | 4186/- | 978900/12.06.17 |
| 2. | പഞ്ചായത്ത് രാജ് മാസിക,<br>വരിസംഖ്യ. | 1800/- | 3327482/22.08.17. |
| 3. | ജില്ലാതല തുടർ വിദ്യാഭ്യാസ കലോത്സവം. | 3000/- | 5848676/27.02.18. |
| 4. | ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ വാർഷിക വരിസംഖ്യയും (3,000/-) കുടിശ്ശിക (1500/-). | 4500/- | 8503441/15.03.18. |
| | ആകെ. | 13486/- | |

കൈപ്പറ്റ് രസീതിന്റെ അഭാവത്തിൽ നൽകിയ 13486/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി - തുക വിനിയോഗിച്ചില്ല.

നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി (പ്രോ. നം. 40/18) എന്ന പദ്ധതിയിലുൾപ്പെടുത്തി പത്തിയൂർ പഞ്ചായത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 5,10,000/- (ബിൽ നം. 7/17-18/14.03.18) രൂപ നൽകി. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (08/15.12.18) ഗ്രാമ പഞ്ചായത്ത് തുക വിനിയോഗിച്ചില്ല എന്നും തിരികെ അടച്ച് മറുപടി നൽകുന്നതാണെന്നും അറിയിച്ചു.

തുക ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കി, ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടച്ച് മറുപടി നൽകേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന് നൽകിയ 5,10,000 /-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 വാഹന പരിപാലനം കാര്യക്ഷമമല്ല.

KL-29 H 6646 സൈലോകാർ, KL-29F 184-ടൊയോട്ടോ ക്വാളിസ് എന്നിങ്ങനെ രണ്ടു വാഹനങ്ങളാണ് ബ്ലോക്ക് പഞ്ചായത്തിലുള്ളത്. വാഹനപരിപാലനത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഇന്ധനം നിറച്ചത് ലോഗ്ബുക്കിൽ ചേർത്തില്ല:-

KL-29 H 6646 സൈലോകാറിൽ 49.35ലിറ്റർ (28.08.17 ൽ)ഇന്ധനം നിറക്കുന്നതിനായി 3037/-രൂപ (ചെക്ക് നം. 5861166/27.09.17) തനത്ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇന്ധനം നിറച്ചതിന്റെ വിവരം

ലോഗ്ബുക്കിൽ ചേർത്തിട്ടില്ല. പ്രസ്തുത തീയതിയിൽ നിറച്ച 49.35ലിറ്റർ ഡീസലിന്റെ വിവരം ഉൾപ്പെടുത്താതെയാണ് തൻമാസത്തെ ഇന്ധനഉപഭോഗത്തിന്റെ സംക്ഷിപ്തവും തയ്യാറാക്കിയിട്ടുള്ളത്.ആകയാൽ ലോഗ്ബുക്ക് പ്രകാരം ഇന്ധനഉപഭോഗത്തിൽ ഉൾപ്പെടുത്താതിരുന്ന ഡീസലിനായി ചെലവഴിച്ച 3037/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

2. രണ്ടു വാഹനങ്ങളുടെയും ഇന്ധന ഉപഭോഗം പരിശോധിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയില്ല.
3. വാഹനങ്ങളുടെ റിപ്പയർ, ഇന്ധന രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല .
4. ടൊയോട്ടോ ക്വാളിസ് വാഹനത്തിന്റെ ഇന്ധന ഉപഭോഗത്തിന്റെ സംക്ഷിപ്തം, യാത്രാവിവരങ്ങൾ എന്നിവ സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5. വാഹനങ്ങളുടെ റിപ്പയർ വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല.
6. <u>അറ്റകുറ്റപണികളിൽ സർക്കാർ നിർദ്ദേശങ്ങൽ പാലിക്കുന്നില്ല.</u>

KL-29 H 6646 സൈലോകാറിന്റെ റിപ്പയറിംഗിനായി 16828/- (ചെക്ക് നം. 5848661/16.01.18) രൂപ ചെലവഴിച്ചിട്ടുണ്ട്. ടി വി സുന്ദരം അയ്യങ്കാർ &സൺസ് എന്ന സ്ഥാപനത്തിന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയാണുണ്ടായത്. ജി.ഒ (എം.എസ്) 170/07/ത.സ്വ.ഭ.വ/30.06.2007 ഉത്തരവ് പ്രകാരം അറ്റകുറ്റപ്പണിക്ക് പതിനായിരം രൂപയ്ക്ക് മേൽ ചെലവ് വരുന്ന സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിക്ക് വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ ചെയ്യണമെന്നാണ് വ്യവസ്ഥ. മെക്കാനിക്കൽ സബ്ഡിവിഷണൽ എഞ്ചിനീയറുടെ എസ്റ്റിമേറ്റ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. റിപ്പയറിംഗിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെയും ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും വിശദാംശങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കാതിരുന്നതിൽ നിന്നും നടപടിക്രമങ്ങൾ പാലിക്കാതെ പ്രസ്തുത സ്ഥാപനം മുഖേന നേരിട്ട് റിപ്പയറിംഗ് ചെയ്യുവെന്നതാണ് വ്യക്തമാകുന്നത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നം.14/17.12.18) ത്തിനുള്ള മറുപടിയിൽ തുടർ വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. ആവശ്യമായ രേഖകൾ സൂക്ഷിച്ചും നടപടിക്രമങ്ങൾ പാലിച്ചും വാഹന പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.

## 3-18 <u>നൽകിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.</u>

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹിച്ച സി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം. 42/18) പ്രോജക്ടിൽ 4,89,872/-രൂപ കെ.എം.എസ്.സി.എൽ- ന് മുൻകൂറായി നൽകി എങ്കിലും 3,79,465/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. കിട്ടാനുള്ള മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ, തീയതി. | തുക | ലഭിച്ച മരുന്ന് | കിട്ടാനുള്ളത് |
|---|---|---|---|
| 05/17-18, തീയതി : 17.03.18 | 1,55,689/- | 1,54,263/- | 1426/- |
| 07/17-18, തീയതി : 21.02.18 | 334183/- | 2,25,202/- | 1,08,981/- |
| ആകെ. | | | 1,10,407/- |

മരുന്നുകൾ ലഭിക്കാനായി സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ- (നം. 1/12.12.2018) ത്തിന് ഉടൻതന്നെ മരുന്നുകൾ നൽകുമെന്ന് മെഡിക്കൽ സർവീസസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ടെന്ന് നിർവ്വഹണഉദ്യോഗസ്ഥൻ മറുപടി നൽകി. മരുന്നുകൾ ലഭിക്കാത്തതിനാൽ 1,10,407/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 <u>സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 43980405/- | ഐ.എ.വൈ | 43980405/- | 0 |
| ഗ്രാമപഞ്ചായത്ത് | 2017-18 | 2,00,000/- | ഐ.എ.വൈ | 2,00,000/- | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു,

| നിർവഹണ ഏജൻസി. | പ്രവർത്തിയുടെ പേര്. | വൌച്ചർ നം./ തീയതി. | നൽകിയ തുക. | ചെല വഴിച്ച തുക. | ബാക്കി യുള്ള തുക. |
|---|---|---|---|---|---|
| ഐ.ആർ.റ്റി.സി, പാലക്കാട്. | പ്രോജക്റ്റ് നം.9/18 വ്യാവസായിക അടിസ്ഥാനത്തിൽ പ്ലാസ്റ്റിക്, ഇ-വേസ്റ്റ് യൂണിറ്റ് | ബിൽ നം. 20/11.10.17 | 10,00,000/- | - | 10,00,000/- |
| | | 54/26.03.18 | 3,69,700/- | | 8,00,000/- |
| കെ.എസ്.ഇ.ബി. | | 38/21.02.18 | 5,00,000/- | | 5,00,000/- |
| | | 30/19.01.18 | 8,00,000/- | | 3,69,700/- |
| വാട്ടർ അതോറിറ്റി. | പ്രോജക്റ്റ് നം.22/18 എസ്.സി.കോളനികളിൽ RO പ്ലാന്റ് സ്ഥാപിക്കൽ. | ബിൽ നം.24/ 18.11.17 | 14,00,000/- | - | 14,00,000/- |
| വാട്ടർ അതോറിറ്റി. | 28/18 പത്തിയൂർ പഞ്ചായത്തിലെ അരിവണ്ണൂർകുറ്റി കോളനിയിൽ RO പ്ലാന്റ് സ്ഥാപിക്കൽ. | ബിൽ നം. 12/17.08.17 | 2,25,000/- | - | 2,25,000/- |
| ഐ.ആർ.റ്റി.സി, പാലക്കാട്. | 45/18 പൊതുസ്ഥലങ്ങളിൽ എയറോബിക് കമ്പോസ്റ്റ് സ്ഥാപിക്കൽ. | ബിൽ നം. 23/18.11.17 | 2184000/- | - | 2184000/- |
| | | ബിൽ നം. 44/21.03.18 | 1488644/- | - | 1488644/- |

| | | | | | |
|---|---|---|---|---|---|
| | | | | | |
| കശുമാവ് വികസന കോർപ്പറേഷൻ. | പ്രോജക്റ്റ് നം.30/18. കശുമാവ് കൃഷി വികസനം. | ബിൽ നം. 4/12.01.18, | 2,50,000/- | - | 2,50,000/- |
| | | 10/21.03.18 | 2,50,000/- | - | 2,50,000/- |
| കെ.എസ്.ഇ.ബി. | 41/18 ഉള്ളിട്ട പുഞ്ചയിൽ വൈദ്യുതി ലൈൻ വലിക്കൽ. | 01/12.10.17 | 1,25,000/- | - | 1,25,000/- |
| | | 02/20.10.17 | 1,10,400/- | - | 1,10,400/- |
| | | 03/12.01.18 | 11,24,000/- | - | 11,24,000/- |
| | | | | | KSEB യിൽ നിന്നും 25.09.18, 31.05.18, 23.11.18 തീയതികളിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | GO(Rt) No. 306/11/ ത.സ്വ.ഭ.വ, 7.12.2011 | 2,20,00,500 | 85,60,200 | 1605038 | | 6955162 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

--ഇല്ല --

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | പരാമർശം | നിലവിലെ സ്ഥിതി. |
|---|---|---|---|---|
| 1999-2000 | 2.18 | 2002-04 | പിഴപ്പലിശ ഈടാക്കാത്തത് സംബന്ധിച്ച് | സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| 1999-2000 | 2.20 | 2003-04 | റോഡ് സർക്കാർ ഉത്തരവ് ലംഘിച്ച് പണം നൽകിയത് സംബന്ധിച്ച് | പരാമർശം ഒഴിവാക്കുന്നതിന് ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥി ച്ചിട്ടുണ്ട്. |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം.

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 165915890 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 128801586 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം | 1512925 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19667421 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 735515 | ശ്രീ. രമണൻ. ആർ, ജോയിന്റ് ബി.ഡി.ഒ (സെക്രട്ടറിയുടെ ചാർജ്) (ഹൌസിംഗ്) 23.10.2017ലെ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ. |
| | | 744322 | ശ്രീ. രതീഷ്. ആർ. ദാസ്, സെക്രട്ടറി. |

| | | | |
|---|---|---|---|
| | | | 09.02.2018 ലെ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ. |
| 3-3 | | 30051 | ശ്രീ. രതീഷ്. ആർ. ദാസ്, സെക്രട്ടറി. |
| 3-17 | | 3037 | ശ്രീ. രമണൻ. ആർ. ജോയിന്റ് ബി.ഡി.ഒ (സെക്രട്ടറിയുടെ ചാർജ്) (ഹൌസിംഗ്) |
| | | 1512925 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ. | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|
| 3-1 | 3111547 | ശ്രീ. രമണൻ. ആർ, ജോയിന്റ് ബി.ഡി.ഒ (സെക്രട്ടറിയുടെ ചാർജ്) (ഹൗസിംഗ്) |
| | 869700 | ശ്രീ. രതീഷ്.ആർ. ദാസ്, സെക്രട്ടറി. ഫിയറവിസ്റ്റ, വാടക്കൽ, ആലപ്പുഴ |
| 3-2 | 1448485 | ശ്രീ. രമണൻ. ആർ, ജോയിന്റ് ബി.ഡി.ഒ (സെക്രട്ടറിയുടെ ചാർജ്) |
| | 744322 | ശ്രീ. രതീഷ്. ആർ. ദാസ്, സെക്രട്ടറി |
| 3-3 | 4406694 | ശ്രീ. രതീഷ്. ആർ. ദാസ്, സെക്രട്ടറി |
| 3-4 | 1625000 | ശ്രീ. രമണൻ. ആർ, ജോയിന്റ് ബി.ഡി.ഒ (സെക്രട്ടറിയുടെ ചാർജ്) (ഹൌസിംഗ്) |
| 3-6 | 5200000 | ഡോ. ആഷിഷ്. ബി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-7എ | 17908 | ശ്രീ. രമണൻ. ആർ, ജോയിന്റ് ബി.ഡി.ഒ (സെക്രട്ടറിയുടെ ചാർജ്) |
| 3-7 ബി | 77500 | ശ്രീ. രാജീവ്. വി. ആർ, സെക്രട്ടറി |
| 3-8 | 500000 | ശ്രീ. പി. കെ. അനിൽകുമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-11 | 190000 | ശ്രീമതി. മിനി. ആർ, എസ്.സി.ഡി. ഒ. |
| 3-14 | 842372 | ശ്രീ. രമണൻ. ആർ, ജോയിന്റ് ബി.ഡി.ഒ (ഹൗസിംഗ്) |
| 3-15 | 4186 | ശ്രീ. രാജീവ്. വി. ആർ, സെക്രട്ടറി, |
| | 1800 | ശ്രീ. രമണൻ. ആർ, ജോയിന്റ് ബി.ഡി.ഒ (ഹൗസിംഗ്) |

| | | |
|---|---|---|
| | 7500 | ശ്രീ. രതീഷ്. ആർ. ദാസ്, സെക്രട്ടറി |
| 3-16 | 510000 | ശ്രീ. പി. കെ. അനിൽകുമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-18 | 110407 | ഡോ. ആഷിഷ്. ബി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| ആകെ | 19667421 | |

(സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല--

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജീവ്.വി.ആർ, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്. | എ.ഡി.സി. ഗ്രാമവികസന വകുപ്പ് കമ്മീഷണറേറ്റ്, തിരുവനന്തപുരം | രാജീവം, റ്റി. പി. സെന്റർ, മണ്ണാറശ്ശാല. പി. ഒ. |
| ശ്രീ. പി. കെ. അനിൽകുമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | എ.ഡി.എ, മുതുകുളം ബ്ലോക്ക് പഞ്ചായത്ത്. | മാധവം, വെസ്റ്റ് ഫോർട്ട്, മാവേലിക്കര |
| ശ്രീ. രമണൻ. ആർ. ജോയിന്റ് ബിഡിഒ (ഹൗസിംഗ്) | ജോയിന്റ് ബി.ഡി.ഒ (ഹൌസിംഗ്) മുതുകുളം ബ്ലോക്ക് പഞ്ചായത്ത്. | ലക്ഷ്മീ വിലാസ്, അമ്പലത്തറ. പി.ഒ, തിരുവനന്തപുരം. |
| ഡോ. ആഷിഷ്. ബി, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) മുതുകുളം. | ലഭ്യമല്ല | ചക്കപ്പിള്ളിൽ വീട്, തങ്കലം (thangalam), കോതമംഗലം. പി. ഒ, എറണാകുളം. |
| ശ്രീമതി. മിനി. ആർ, എസ്.സി.ഡി.ഒ. | എസ്.സി.ഡി.ഒ. മുതുകുളം ബ്ലോക്ക് പഞ്ചായത്ത്. | കാവേരി സദനം. കോമന, അമ്പലപ്പുഴ. പി. ഒ. |
| ശ്രീ. രതീഷ്. ആർ. ദാസ്, സെക്രട്ടറി | സെക്രട്ടറി, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | ഫിയറവിസ്റ്റ, വാടക്കൽ, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 മുതൽ<br>2005-06 വരെ | എൽ.എഫ്.എ.ബി.പി/1477/10/06.12.10 |
| 2006-07 മുതൽ<br>2009-10 വരെ | എൽ.എഫ്.ജി.എ.5-ബിപി അദാലത്ത് 26(75), (76), (77), (77(i)/14<br>തീയതി. 31.03.2014 |
| 2010-11 | എൽ.എഫ്.എ.ബി.പി/1382/11/07.06.2012 |
| 2011-12 | എൽ.എഫ്.എ.ബി.പി/10/2013/06.02.2013 |
| 2012-13 | എൽ.എഫ്.എ.ബി.പി/150/2015/18.02.2015 |
| 2013-14 | എൽ.എഫ്.എ.ബി.പി/719/2015/03.07.15 |
| 2014-15,<br>2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി-242/2017/15.03.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി-306/11/7.12.11 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

.

.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം -1

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-117/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 08.02.2019

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡികകളിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

# അനുബന്ധം - 2

23.10.2017 ലെ കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ

1. അഡ്വ. ബിബിൻ. സി. ബാബു
2. എൻ. സോമലത
3. അജയൻ, അമ്മാസ്
4. ഷംസുദ്ദീൻ, കായിപ്പുറം
5. ബി. വേണുപ്രസാദ്
6. അനന്തൻ. ആർ
7. മണിലേഖ. എം
8. ശാരി പൊടിയൻ
9. ഷൈമോൾ നന്ദകുമാർ
10. രഞ്ജിത്ത്, ചിങ്ങോലി
11. അംബുജാക്ഷി ടീച്ചർ
12. ആർ. രമണൻ, സെക്രട്ടറി (ഇൻ ചാർജ്)

09.02.2018 ലെ ലെ കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ

1. അഡ്വ. ബിബിൻ. സി. ബാബു
2. എൻ. സോമലത
3. റ്റി. ശ്രീകുമാരി
4. ഷൈമോൾ നന്ദകുമാർ
5. ശാരി പൊടിയൻ
6. മണിലേഖ. എം
7. ബി. വേണുപ്രസാദ്
8. അനന്തൻ. ആർ
9. ഷംസുദ്ദീൻ, കായിപ്പുറം
10. അജയൻ, അമ്മാസ്
11. അംബുജാക്ഷി ടീച്ചർ
12. ഇന്ദു സന്തോഷ്
13. ആർ. രമണൻ, സെക്രട്ടറി (ഇൻ ചാർജ്)

.
.
.
.
.
.
.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ